പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-2026)

പതിമൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2024 ഫെബ്രുവരി മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-2026)

പതിമൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ
(ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

317/2024.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
അദ്ധ്യായം I:		
റിപ്പോർട്ട്	:	1
അദ്ധ്യായം II:		
ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ	:	1
അദ്ധ്യായം III:		
ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും.	:	20
അനുബന്ധം I	:	37
അനുബന്ധം II	:	39
അനുബന്ധം III	:	40

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023 - 2026)

ഘടന

അദ്ധ്യക്ഷ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

അംഗങ്ങൾ:

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19) യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 2018 മാർച്ച് 7-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 88 ഖണ്ഡികകളിലായി ആകെ 41 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി മാസം 13-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ഫെബ്രുവരി 15.

റിപ്പോർട്ട്

അദ്ധ്യായം - I

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (ഭവന നിർമ്മാണ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 7-3-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 41 ശിപാർശകൾ/ നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അച്ചടിച്ച പ്രതികൾ 1-6-2018-ന് സർക്കാരിലേക്ക് അയച്ചുകൊടുത്തു. പ്രസ്തുത ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 14-10-2020, 17-9-2021, 15-12-2021, 14-7-2023 എന്നീ തീയതികളിൽ കൂടിയ സമിതി യോഗം പരിഗണിക്കുകയുണ്ടായി.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടിലെ ഇനിയും മറുപടി ലഭിക്കേണ്ട ശിപാർശയും അധികവിവരങ്ങളും അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്മേൽ അനന്തരനടപടി സ്വീകരിച്ച് പ്രസ്തുത വിവരം സമിതിയെ താമസംവിനാ അറിയിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

അദ്ധ്യായം - II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

ശിപാർശ 4 (ഖണ്ഡിക 20)

നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിന്റെ മെച്ചം ഗൃഹശ്രീ ഭവന പദ്ധതികളുടെ നിർവ്വഹണത്തിലൂടെ ജനങ്ങളിൽ എത്തിക്കണമെന്നും കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ ലഭ്യത നിർമ്മാണ കേന്ദ്രങ്ങളായ കലവറയിലൂടെ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

317/2024.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയുമാണ് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉദ്ദേശം. കെട്ടിട നിർമ്മാണ വസ്തുക്കളായ കമ്പിയും സിമന്റും നിർമ്മിതി കേന്ദ്രങ്ങളുടെ കലവറകൾ വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്കും മറ്റ് സർക്കാർ ഭവന പദ്ധതികളായ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. വിഭാഗക്കാർക്കും 15% സബ്സിഡി നിരക്കിൽ നൽകി വരുന്നു. ഗൃഹശ്രീ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും കലവറകൾ വഴി നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നുണ്ട്.

<u>ശിപാർശ 7 (ഖണ്ഡിക 25)</u>

ഭവന നിർമ്മാണ ബോർഡ്, പൂജപ്പുര ഘട്ടം 1-ൽ നിർമ്മാണം നടത്തിയ ഇന്നവേറ്റീവ് ഭവന പദ്ധതിയിൽ 1000 വാട്ട് കപ്പാസിറ്റിയുള്ള വിൻഡ് സോളാർ ഹൈബ്രിഡ് (Wind Solar Hybrid) പാനൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൊതുവായ ഇടങ്ങളിൽ വിളക്കുകൾ പ്രകാശിപ്പിക്കുവാൻ ഉപയോഗിച്ചു വരുന്നു. ഇന്നവേറ്റീവ് ഭവന പദ്ധതിയിലെ എല്ലാ കെട്ടിട സമുച്ചയങ്ങളിലും വിൻഡ് സോളാർ ഹൈബ്രിഡ് പാനലുകളോ സോളാർ പാനലുകളോ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം നടത്തി വൈദ്യുതി ആവശ്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

തിരുവനന്തപുരത്ത് പൂജപ്പുരയിൽ നിർമ്മിച്ചിട്ടുള്ള ഇന്നവേറ്റീവ് പദ്ധതിയിൽ വിൻഡ് സോളാർ ഹൈബ്രിഡ് പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇന്നവേറ്റീവ് ഭവന പദ്ധതി പ്രകാരം ഇനി നടപ്പാക്കുന്ന പദ്ധതികളിലും വൈദ്യുതി ആവശ്യങ്ങളിൽ ക്രമാനുക്രമമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ 8 (ഖണ്ഡിക 26)</u>

ഇന്നവേറ്റീവ് പദ്ധതികളിൽ ബയോഗ്യാസ് സംവിധാനം നടപ്പിലാക്കിയാൽ ജൈവ മാലിന്യങ്ങളുടെ സംസ്കരണമെന്ന ദൗത്യം പൂർത്തിയാക്കുവാൻ സാധിക്കും. ആയതിനാൽ, മാലിന്യ സംസ്കരണത്തിൽ വെല്ലുവിളി നേരിടുന്ന നഗരങ്ങളിൽ ഇന്നവേറ്റീവ് ഭവന പദ്ധതിയിൽ ബയോഗ്യാസ് സംവിധാനം സ്ഥാപിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

ഇന്നവേറ്റീവ് പദ്ധതികൾക്ക് സർക്കാർ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ബയോ-ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇനിയും ഏകദേശം 25 ലക്ഷം രൂപ വേണ്ടി വരും. ആയതിനാൽ ഇനി ടി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബയോ-ഗ്യാസ് സംവിധാനം ഉൾപ്പെടുത്തുന്നതാണ്.

<u>ശിപാർശ 9 (ഖണ്ഡിക 27)</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

2015-ൽ കേന്ദ്ര ഭവന നിർമ്മാണ നഗരദാരിദ്ര്യനിർമ്മാർജ്ജന മന്ത്രാലയം 'ആകർഷകവും സുസ്ഥിരവും സമഗ്രവുമായ ഒരു വാടക വിപണി' ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ നഗരവാടകഭവനനിർമ്മാണ നയത്തിന് രൂപം നൽകി. പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്ന ഭവന ക്ഷാമം 20 ദശലക്ഷമാണ്. 2015-2022 കാലയളവിൽ നഗര പ്രാദേശിക സ്ഥാപനങ്ങളിലൂടെയും മറ്റു പദ്ധതി നിർവ്വഹണ ഏജൻസികളിലൂടെയും കേന്ദ്ര വിഹിതം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ഭവന നിർമ്മാണ ബോർഡിന്റെ ഇന്നവേറ്റീവ് പദ്ധതിയും സമാന ലക്ഷ്യത്തോടുകൂടി രൂപീകൃതമായതാണ്. 2015-17 കാലയളവിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ കേന്ദ്ര നയത്തിനനുസൃതമായി പദ്ധതി പുന:ക്രമീകരിച്ച് കേന്ദ്രവിഹിതം കൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

ഇന്നവേറ്റീവ് ഭവന പദ്ധതി നടപ്പിലാക്കാൻ നഗരത്തിൽ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിലാണ് ബോർഡ് ടി പദ്ധതി 2015-17 കാലയളവിൽ തുടർന്ന് നടപ്പിലാക്കാതിരുന്നത്. നഗരങ്ങളിൽ പദ്ധതിക്കായി സർക്കാർ ഭൂമി ജില്ലാ ഭരണകൂടത്തിൽ നിന്നും ബോർഡിന് കൈമാറി കിട്ടുന്നപക്ഷം കേന്ദ്രനയത്തിനനുസൃതമായി ടി പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണെന്ന് അറിയിക്കുന്നു.

<u>ശിപാർശ 14 (ഖണ്ഡിക 37)</u>

ഭവന നിർമ്മാണ ബോർഡ് ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച വീടുകൾ കേവലം 5 വർഷം കഴിഞ്ഞപ്പോൾ തന്നെ സാമൂഹ്യമാറ്റങ്ങളാൽ ഉപയോഗശൂന്യമായി എന്നത് ദീർഘ വീക്ഷണക്കുറവിന്റെയും കാലഹരണപ്പെട്ടുന്ന നിർമ്മാണ രീതികളുടേയും പരിണിത

ഫലമാണെന്ന് സമിതി വിലയിരുത്തുന്നു. ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിട നിർമ്മാണത്തിലെ അപാകതകൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ ശാസ്ത്രീയമായി പരിഹരിച്ച് നൂതന സാങ്കേതിക വിദ്യകൾ സന്നിവേശിപ്പിച്ച് 25 വർഷമെങ്കിലും ബുദ്ധിമുട്ടില്ലാതെ താമസിക്കാവുന്ന തരത്തിൽ വീടുകൾ/ഫ്ലാറ്റുകൾ മുതലായവ രൂപകൽപ്പന ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

ലക്ഷം വീടുകൾ ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചതല്ല. ദുർബല വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ബോർഡ് ROMHS പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ ഗുണമേന്മയുള്ളതായിരുന്നു. ബോർഡ് നിർമ്മിച്ച കെട്ടിടങ്ങൾ യഥാസമയം ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്ന പക്ഷം ദീർഘകാലം നിലനിൽക്കുന്നതാണ്. ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിട നിർമ്മാണം ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നുണ്ട്. അതിലൂടെ ഗുണമേന്മ വർദ്ധനവും ഏറെക്കാലത്തെ നിലനിൽപ്പും ഉറപ്പാക്കുന്നതാണ്.

ശിപാർശ 19 (ഖണ്ഡിക 49)

പാരസ്പര്യം പദ്ധതിയിൽ ഉപഭോക്താക്കളിൽ നിന്നും തന്നെ തുക ഈടാക്കി റൂഫ് ടോപ്പുകളിൽ സോളാർ പാനലുകൾ വഴിയോ Wind Solar Hybrid പാനലുകൾ വഴിയോ പാരമ്പര്യേതര ഊർജ്ജ ഉല്പാദന രീതികൾ വഴി പൊതുവായ ആവശ്യങ്ങൾക്കുള്ള വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 20 (ഖണ്ഡിക 50)

പാരസ്പര്യം പദ്ധതികളിൽ ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കി മഴവെള്ള സംരക്ഷണം നടത്തുക, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക എന്നിവ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 21 (ഖണ്ഡിക 51)

പാരസ്പര്യം പദ്ധതികളിൽ ഉപഭോക്താക്കളിൽ നിന്നു തന്നെ തുക ഈടാക്കി പാരമ്പര്യേതര രീതിയിൽ ഊർജ്ജ ഉൽപാദനം നടത്തുവാനും മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനും ഹരിത രീതി പ്രയോഗിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പുതുതായി ആരംഭിക്കുന്ന പാരസ്പര്യം പദ്ധതികളിൽ സോളാർ പാനൽ വഴി പാരമ്പര്യേതര ഊർജ്ജ ഉല്പാദന രീതി അവലംബിക്കുന്നതിനും മഴവെള്ള സംഭരണി, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള ഇനങ്ങൾ പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ആയവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും ഭവന നിർമ്മാണ ബോർഡിൽ സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 22 (ഖണ്ഡിക 52)</u>

വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കിയ വകയിൽ സബ്സിഡിയിനത്തിൽ 302 കോടി രൂപ ഹൗസിംഗ് ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്ന് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

ഹഡ്കോ വായ്പ കുടിശ്ശിക തിരിച്ചടവിനായി സർക്കാർ അനുവദിച്ച 1122.68 കോടി രൂപയും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ 89.85 കോടി രൂപയും ഉൾപ്പെടെ 1212.53 കോടി രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും സർക്കാരിന് ലഭിക്കാനുണ്ടായിരുന്നതായും, സർക്കാർ നിർദ്ദേശിച്ച ഭവന നിർമ്മാണ പദ്ധതിയിൽ നടപ്പിലാക്കിയത് മൂലം ഭവന നിർമ്മാണ ബോർഡിന് സർക്കാരിൽ നിന്ന് 1773.22 കോടി രൂപ അനുവദിക്കാനുണ്ടായിരുന്നതായും ഭവന നിർമ്മാണ ബോർഡ് അധികൃതർ അറിയിച്ചിരുന്നു. ഇത്തരത്തിൽ സർക്കാർ ഭവന നിർമ്മാണ ബോർഡിന് അനുവദിക്കുവാ-നുണ്ടായിരുന്ന 560.69 കോടി രൂപ (Rs. 1773.22 - Rs.1212.53 = Rs.560.69) ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സർക്കാരിന് ഭവന നിർമ്മോണ ബോർഡ് നൽകേണ്ട തുകയും സർക്കാർ ഭവന നിർമ്മാണ ബോർഡിന് നൽകേണ്ട തുകയും സംബന്ധിച്ച് ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യാൻ തീരുമാനിക്കുകയും, തുടർന്ന് ബോർഡ് നിയോഗിച്ച ചാർട്ടേർഡ് അക്കൗണ്ടന്റായ M/s. തോമസ് ആന്റ് അസോസിയേറ്റ്സ് ഓഡിറ്റ് ചെയ്ത് സർക്കാരിൽ നിന്ന് ബോർഡിന് ലഭിക്കേണ്ടത് 283.16 കോടി രൂപയാണ് എന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 24-8-2020-ലെ സ.ഉ.

(സാധാ)26/2020/ഭവനം, 7-5-2021-ലെ സ.ഉ.(സാധാ)21/2021/ഭവനം എന്നീ ഉത്തരവുകൾ പ്രകാരം 40 കോടി രൂപ ബോർഡിന് അനുവദിച്ചിട്ടുണ്ട്. 19-7-2022-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള 243.16 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് നടപടികൾ ധനകാര്യവകുപ്പിൽ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ 23 (ഖണ്ഡിക 56)</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട് പ്രത്യേക ചട്ടങ്ങൾ നിലവിലില്ല. പൊതു തസ്തികകൾ ഒഴികെയുള്ളവ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവുമാണ് നിയമനം നടത്തിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കാര്യക്ഷമമായ പ്രവർത്തനങ്ങൾ വഴി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിക്കുക എന്ന വലിയ ദൗത്യം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് നിർവ്വഹിക്കാനുണ്ട്. നിലവിലെ നിയമന രീതി ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ ഉദ്യോഗസ്ഥ സ്ഥിരത ഇല്ലായ്മയ്ക്കും കാര്യക്ഷമതയുടെ അഭാവത്തിനും വഴിവെക്കുമെന്നും അത് കാര്യാലയത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കാര്യാലയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഉദ്യോഗസ്ഥ നിയമനത്തിനായി പ്രത്യേക ചട്ടങ്ങൾ നിലവിൽ കൊണ്ടുവരണമെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവനനിർമ്മാണ (എ) വകുപ്പ്</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ ഉദ്യോഗസ്ഥ നിയമനത്തിനായി തയ്യാറാക്കി സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസ് സർക്കാർ പരിശോധിച്ച് വരികയാണ്.

<u>ശിപാർശ 24 (ഖണ്ഡിക 60)</u>

ലാബിഷാസിനായി സർക്കാർ അനുവദിച്ച സ്ഥലത്ത് സോണൽ വയലേഷന്റെ പ്രശ്നം ഉള്ളതിനാലാണ് ബഡ്ജറ്റ് വിനിയോഗത്തിൽ ഇത്രയും കുറവ് വന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സോണൽ വയലേഷനുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനറുടെ സമക്ഷമുള്ള അപ്പീലിൽ സജീവ ശ്രദ്ധ പതിപ്പിക്കണമെന്നും കൃത്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അപ്പീൽ അനുവദിച്ചു കിട്ടുന്ന പക്ഷം പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (എ) വകുപ്പ്

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ (ലാബിഷാസ്) ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് 6.95 ഏക്കർ ഭൂമി 2010-ൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചിരുന്നുവെങ്കിലും, പ്രസ്തുത സ്ഥലത്ത് സോണൽ വയലേഷൻ നിലനിൽക്കുന്നതിനാൽ കെട്ടിട നിർമ്മാണം സാധ്യമായിരുന്നില്ല. ഇതേ തുടർന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം അധികൃതർ സോണൽ വയലേഷൻ പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യനഗരാസൂത്രകനെയും തദ്ദേശസ്വയംഭരണ വകുപ്പിനെയും സമീപിച്ചിരുന്നു.

ഇതിനിടയിൽ സർക്കാർ അനുവദിച്ച ഭൂമിയിൽ നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിനാൽ 4-1-2020-ലെ സ.ഉ.(കൈ)നം.10/2020/റവ. ഉത്തരവ് പ്രകാരം ഭൂമി റവന്യൂ വകുപ്പ് തിരിച്ചെടുക്കുകയുണ്ടായി. ആയതിനാൽ, പ്രസ്തുത ഭൂമിയിൽ ലാബിഷാസിനായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതേ തുടർന്ന് ലാബിഷാസിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി തിരുവനന്തപുരം താലൂക്കിലെ ചെറുവയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 647/1-ൽ ഉൾപ്പെട്ട 2.25 ഏക്കർ സ്ഥലം അനുവദിച്ച് തരണമെന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ (ലാബിഷാസ്) ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് 2010-ൽ തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം വില്ലേജിൽ വാഴമുട്ടത്ത് 6.95 ഏക്കർ സ്ഥലവും അനുമതിയും പണവും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നല്കിയെങ്കിലും, പ്രസ്തുത സ്ഥലത്തെ നിർമ്മാണത്തിന് സോണൽ എക്സംപ്ഷൻ ലഭിക്കാത്തതിന് കാരണമെന്താണെന്നും, അതിനായി ശ്രമിക്കാത്തതെന്തെന്നും, ചെറുവയ്ക്കൽ വില്ലേജിൽ 2.25 ഏക്കർ സ്ഥലം അനുവദിക്കണമെന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം ആവശ്യപ്പെട്ടതിന് കാരണമെന്തെന്നും, 2.25 ഏക്കർ സ്ഥലത്ത് നിർമ്മാണം പരിമിതപ്പെടുത്തി-യതെന്താണെന്നും, കഴിഞ്ഞ 11 വർഷത്തിനുള്ളിൽ കേരളത്തിൽ ഏതെല്ലാം സ്ഥലത്ത് സോണൽ എക്സംപ്ഷൻ നൽകിയിട്ടുണ്ടെന്ന് പരിശോധിക്കണമെന്നും, ചെറുവയ്ക്കലിൽ ലാബിഷാസ് ആസ്ഥാന മന്ദിര നിർമ്മാണ നടപടി വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (എ) വകുപ്പ്

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ "Setting up of Campus for LaBISHaS at Vazhamuttom” എന്ന പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിലെ തിരുവല്ലത്ത് 6.95 ഏക്കർ സ്ഥലം അനുവദിച്ചുനൽകിയിരുന്നു. ഇതിൽ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ തുക അനുവദിച്ചിരുന്നുവെങ്കിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നിർമ്മാണ അനുമതി ലഭിക്കാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചിരുന്നില്ല. റസിഡൻഷ്യൽ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിക്കുകയില്ല എന്ന കാരണം പറഞ്ഞാണ് ഇതിന് അനുമതി നിഷേധിച്ചത്. ഇതിനെ തുടർന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം അപ്പീൽ നൽകുകയും, Zonal exemption ലഭിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവിടങ്ങളിൽ നിരന്തരമായ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെസ്നിക് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭിക്കുന്നതിനായി 4-10-2013-ന് കെട്ടിടത്തിന്റെ ഡ്രോയിംഗ് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് സമർപ്പിക്കുകയും, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ 8-11-2013-ൽ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം Drawing-ൽ നിരവധി തവണ ഭേദഗതികൾ വരുത്തി നിയമാനുസൃതമായ ഫീസ് ഉൾപ്പെടെയുള്ള Drawing നൽകിയിരുന്നു. കെസ്നിക് 9-10-2014-ൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് വിശദമായ മറുപടി നൽകിയെങ്കിലും റസിഡൻഷ്യൽ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാടില്ല എന്ന കാരണം പറഞ്ഞ് 14-5-2015-ൽ കെസ്നിക്കിന്റെ അപേക്ഷ നിരസിച്ചു. കെസ്നിക്കിന്റെ അപേക്ഷ നിരസിച്ചത് സംബന്ധിച്ചും ആയതിന്റെ തടസ്സം മാറ്റുന്നതിനുമായി ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഇടപെടൽ ആവശ്യപ്പെട്ട് കെസ്നിക് 29-7-2015-ൽ കത്ത് നൽകുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് 19-11-2015-ൽ 1241/RA2/15/LSGD കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനറോട് പെർമിറ്റ് നൽകാതിരിക്കുന്നതിന് കാരണം ആരാഞ്ഞു. 304282/RD2/2015/LSGD സർക്കുലർ പ്രകാരം അപേക്ഷ നൽകാത്തതിനാലാണ് പെർമിറ്റ് നല്കാത്തതിന് കാരണം എന്നു ചീഫ് ടൗൺ പ്ലാനർ തദ്ദേശസ്വയംഭരണ വകുപ്പിന് 15-4-2016-ൽ മറുപടി നല്കുകയും, ഇക്കാര്യം 5-7-2016-ൽ കെസ്നിക്കിന്റെ ഡയറക്ടറെ അറിയിക്കുകയുമുണ്ടായി. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് സ്കീമിൽ മാറ്റം വരുത്തി 30-9-2016-ൽ

ബിൽഡിംഗ് പ്ലാൻ ഉൾപ്പെടെ നൽകിയെങ്കിലും, കെട്ടിട നിർമ്മാണാനുമതി ലഭ്യമാകാത്തതിനാൽ 30-10-2016-ലും 24-11-2016-ലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് വീണ്ടും KESNIK കത്ത് നൽകി. തുടർന്ന് 23-1-2017-ലെ കെസ്നിക്കിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 30-1-2017-ലെ കോർപ്പറേഷന്റെ ഫയൽ അദാലത്തിൽ ഈ വിഷയം പരിഗണിക്കുകയും, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് 10 ദിവസത്തിനകം നൽകാമെന്ന് അദാലത്തിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. എന്നാൽ അദാലത്ത് കഴിഞ്ഞിട്ടും ഫയലിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ 27-2-2017-ൽ വീണ്ടും കെസ്നിക് ഡയറക്ടർ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കത്ത് നൽകിയിരുന്നു. ചീഫ് ടൗൺ പ്ലാനർ 16-9-2018-ൽ Full details of land, land tax, BTR എന്നിവ സമർപ്പിക്കുന്നതിന് കെസ്നിക്കിനോട് ആവശ്യപ്പെടുകയും ഇതിന്റെ ഭാഗമായി ലാബിഷാസിന് കൈമാറിയ സ്ഥലം നിർമ്മിതി കേന്ദ്രത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനും കരം ഒടുക്കുന്നതിനുമായി 31-10-2018-ൽ തിരുവല്ലം വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുകയും 22-12-2018-ൽ തണ്ടപ്പേര് മാറ്റി കരം അടയ്ക്കുകയും, Chief Town Planner ആവശ്യപ്പെട്ട Full details of land, land tax, BTR എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിനും, Chief Town Planner ഓഫീസിലേക്കും 27-12-2018 -ൽ കെസ്നിക് സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് Town-Planning ഓഫീസിൽ നിന്നും Zonal Exception ഭേദഗതി ഒഴിവാക്കി Dispensation/modification നടപടികൾ പരിഗണിച്ച് ടി നിർമ്മാണം സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് 9-4-2019-ൽ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും, ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം 14-1-2020-ന് ചേരുന്നതിന് തീരുമാനിക്കുകയുമുണ്ടായി. എന്നാൽ 4-1-2020-ലെ സ.ഉ.(കൈ)നം.10/2020/റവ പ്രകാരം ലാബിഷാസിന് അനുവദിച്ച 6.95 ഏക്കർ സ്ഥലം തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് 2017 മുതൽ സോണൽ എക്സംപ്ഷൻ നല്കിയ സ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-I-ൽ ചേർത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ മുൻപ് ജില്ലാ നിർമ്മിതി കേന്ദ്രം ഉപയോഗിച്ചിരുന്ന 2.25 ഏക്കർ സ്ഥലമോ, അല്ലായെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലമോ ലാബിഷാസിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കെസ്നിക് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ Housing Park പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തിരുവല്ലം താലൂക്കിൽ വാഴമുട്ടത്തെ 6.95 ഏക്കർ സ്ഥലം തിരികെ ലഭ്യമാക്കണമെന്ന് കെസ്നിക് വീണ്ടും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

തിരുവല്ലം വാഴമുട്ടത്തെ 6.95 ഏക്കർ സ്ഥലത്തിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് Advance Possession ലഭിക്കുകയും, പ്രസ്തുത സ്ഥലത്ത് Housing Park പദ്ധതി നടപ്പാക്കുന്നതിനുള്ള 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനും, 2022-23 വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയുടെ ഭരണാനുമതിയും 20-10-2022-ലെ സ.ഉ.(സാധാ)നം.85/2022/HSG പ്രകാരം നൽകിയിട്ടുണ്ട്. രാജ്യത്തിന് മാതൃകയായി- ത്തീരുന്ന ഒരു Construction Technology Hub ആയി തയ്യാറാക്കുന്ന Housing Park-ൽ Academic Zone-LaBISHaS, Heritage Zone, Exhibition and Entrepreneur promotion Zone എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

<u>ശിപാർശ 25 (ഖണ്ഡിക 63)</u>

ഉപയോഗപ്രദമായ രീതിയിൽ ഉത്തരവാദിത്തത്തോടെ നിർമ്മിതി കേന്ദ്രം പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആരംഭിച്ച സമയം മുതലുള്ള പരിശീലന പരിപാടികൾ തന്നെയാണ് ആർട്ടിസാൻസ് ട്രെയിനിംഗിൽ ഇപ്പോഴും നടത്തി വരുന്നതെന്ന ന്യൂനതയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ആർട്ടിസാൻസ് ട്രെയിനിംഗിൽ നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗങ്ങൾ സന്നിവേശിപ്പിച്ച് കാലാനുസൃതമായ മാറ്റങ്ങളിലൂടെ തൊഴിലധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

ആർട്ടിസാൻ ട്രെയിനിംഗ് പ്രകാരം തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണരംഗത്ത് വിവിധ മേഖലകളിൽ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തികൊണ്ടുള്ള പരിശീലന പരിപാടികൾ കെസ്നിക് നടപ്പാക്കി വരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിൽ തൊഴിൽ പരിചയം ഇല്ലാത്ത യുവതീയുവാക്കൾക്ക് പദ്ധതിയുടെ ഭാഗമായ Painting, Plumbing, Electrification, Prefab Technology, Total Station Survey തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിലുള്ള പരിശീലനം നല്കി വരുന്നുണ്ട്.

<u>ശിപാർശ 26 (ഖണ്ഡിക 65)</u>

നിലവിൽ കെസ്നിക്കിനു കീഴിൽ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി, സ്വയം സഹായ സംഘങ്ങൾ രൂപവൽക്കരിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ പരിശീലന പരിപാടിയിൽ നിലവിലുള്ള സ്വയംസഹായ

സംഘങ്ങളെ ഉൾപ്പെടുത്തുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, നിർമ്മിതി കേന്ദ്രത്തിന്റെ പരിശീലന പരിപാടികളിൽ സ്വയംസഹായ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

നിർമ്മിതി കേന്ദ്രം വഴി പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സംഘങ്ങൾ അതതു മേഖലകളിലെ പ്രവർത്തികൾ ഏറ്റെടുത്തു നടത്തി വരുന്നു. കെട്ടിട നിർമ്മാണത്തിൽ തൊഴിൽ പരിചയം ഇല്ലാത്ത യുവതീയുവാക്കൾക്കാണ് കെസ്നിക് ഇതുവരെ പരിശീലനം നല്കി വന്നതെങ്കിലും, അടുത്ത പദ്ധതി നടപ്പിലാക്കുമ്പോൾ ഒന്നാംഘട്ടം പരിശീലനം പൂർത്തിയാക്കിയ സ്വയംസഹായ സംഘങ്ങൾക്ക് ഏർപ്പെട്ടിരിക്കുന്ന തൊഴിലിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർമ്മിതികേന്ദ്രം സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 27 (ഖണ്ഡിക 67)</u>

കലവറയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഭവന നിർമ്മാണത്തിൽ വളരെയധികം സഹായകരമാണെന്ന് സമിതി നിരീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും കലവറകൾ സ്ഥാപിച്ച് അവയെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന കേന്ദ്രമായി വികസിപ്പിച്ച് സാമഗ്രികളുടെ ലഭ്യതക്കുറവിനെ തരണം ചെയ്യുവാൻ പ്രാപ്തമാക്കണമെന്നും വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്ന രീതി വികസിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

കെസ്നിക്കിന്റെ കീഴിൽ നിലവിൽ 14 കലവറകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കലവറകൾ വഴി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും ലൈഫ് പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ സബ്സിഡി നിരക്കിൽ നൽകിവരുന്നു. ഈ ഗുണഭോക്താക്കൾക്ക് നിർമ്മിതി കേന്ദ്രത്തിന് സാമഗ്രികൾ ലഭിക്കുന്ന വിലയിൽ നിന്നും പരമാവധി 15% വരെ വിലകുറച്ച് സാമഗ്രികൾ നല്കുന്നതിനും ഓരോ ഗുണഭോക്താവിനും പരമാവധി 50 ബാഗ് സിമന്റും 500 കിലോഗ്രാം കമ്പിയും നൽകുന്നതിനും 19-7-2019-ലെ സ.ഉ.(സാധാ)നം. 23/2019/ഭവനം ഉത്തരവ് പ്രകാരം സംസ്ഥാന നിർമ്മിതികേന്ദ്രത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനത്തിനായി കെസ്നിക്കിനു കീഴിൽ സംസ്ഥാനത്താകെ 11 ഉത്പ്പാദനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന നിർമ്മാണ സാമഗ്രികൾ കലവറ വഴി സബ്സിഡി ഇല്ലാതെ നൽകിവരുന്നു. നിർമ്മാണ സാമഗ്രികൾ ന്യായമായ വിലക്ക് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കെസ്നിക്കിന്റെ നിലവിലുള്ള ഉദ്പാദനശാലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംയുക്തസംരംഭമായി പ്രവർത്തിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ 28 (ഖണ്ഡിക 69)</u>

വിവിധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള അനുമതി നിർമ്മിതി കേന്ദ്രത്തിന് (കെസ്നിക്കിന്) നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന കൺസൾട്ടൻസി തുകയിൽ നിന്നാണ് നിർമ്മിതി കേന്ദ്രത്തിന്റെ ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നത്. ആറുകോടി രൂപയുടെ ബഡ്ജറ്റ് വിഹിതം ലഭിക്കുന്ന കെസ്നിക്കിന് നിലവിൽ 160 കോടി രൂപയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വർക്കുണ്ട്. പി.എം.സി.(Project Management Consultancy) മാതൃകയിൽ കൂടുതൽ വർക്കുകൾ ചെയ്യുന്നതിനാൽ ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തിൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് സാധിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ചെലവ് കുറഞ്ഞ ഭവനനിർമ്മാണത്തിൽ വിദഗ്ധാഭിപ്രായം ലഭ്യമാക്കുവാൻ സ്ഥാപിതമായ കെസ്നിക്ക് തങ്ങളുടെ സാങ്കേതിക വിദ്യയിൽ കാര്യമായ മാറ്റമൊന്നും വരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ചെലവ് കുറഞ്ഞ ഭവനനിർമ്മാണ മേഖലയിൽ ഇതിനാൽ ഒരു ന്യൂനത ഉണ്ടെന്നും അത് പരിഹരിക്കേണ്ടത് കെസ്നിക്കാണെന്നും സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ചെലവ് കുറഞ്ഞ വീടുകൾ നല്ല വൈദഗ്ധ്യത്തോടെ നിർമ്മിച്ച് നിർമ്മാണ മേഖലയിലെ ന്യൂനത പരിഹരിക്കുകയെന്ന ധാർമ്മികമായ ബാദ്ധ്യത കെസ്നിക്കിനാണെന്നും ആയതിലേയ്ക്ക് സജീവമായി ശ്രദ്ധ പതിപ്പിക്കണമെന്നും കെസ്നിക്കിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (എ) വകുപ്പ്

നിർമ്മിതി കേന്ദ്രം സർക്കാരിന്റെ അംഗീകൃത അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നുണ്ട്. ടി പദ്ധതികളിൽ കെസ്നിക്കിന്റെ തനതായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തികൾക്കൊപ്പം സാധാരണ നിലയിലുള്ള എല്ലാ പ്രവർത്തികളും നടപ്പിലാക്കുന്നുണ്ട്. ചെലവുകുറഞ്ഞ ഭവന നിർമ്മാണ രീതി പ്രചരിപ്പിക്കുന്നതിന്റെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി Mud House, Prefab Technology ഉപയാഗിച്ചുള്ള മാതൃകാ ഭവന നിർമ്മാണം കെസ്നിക് കാമ്പസിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത മാതൃകകൾ പൊതുജനങ്ങൾക്ക് കണ്ട് മനസ്സിലാക്കുന്നതിന് കെസ്നിക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ലാബിഷാസിന്റെ കീഴിൽ കെട്ടിടനിർമ്മാണം ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിനാവശ്യമായ Faculty തീരുമാനം വരുന്ന മുറയ്ക്ക് ചെലവുകുറഞ്ഞ നിർമ്മാണത്തിൽ കൂടുതൽ ഗവേഷണത്തിനും പ്രചരണത്തിനുമുള്ള പദ്ധതികൾ നിർമ്മിതി കേന്ദ്രം നടപ്പാക്കുന്നതാണ്.

ശിപാർശ 29 (ഖണ്ഡിക 71)

പ്രീഫാബ് നിർമ്മാണ സാമഗ്രികളുടെ ഉല്പാദനശാലകൾ ഹൗസിംഗ് ബോർഡ് സ്ഥാപിച്ച് ഉൽപ്പാദനം നടത്തിയാൽ നിർമ്മാണ ചെലവിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രീഫാബ് മാനുഫാക്ചറിംഗ് യൂണിറ്റിന്റെ സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുമായും മേലധികാരികളുമായും ചർച്ച നടത്തി അവലോകനം ചെയ്ത് നമ്മുടെ സംസ്ഥാനത്തെ ഓരോ ജില്ലയിലും പ്രീഫാബ് മാനുഫാക്ചറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (എ) വകുപ്പ്

ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് Prefab സാങ്കേതിക വിദ്യ ഉപയോഗിച്ചു വരുന്നുണ്ട്. എന്നാൽ Prefab പ്രൊഡക്ഷൻ യൂണിറ്റുകളുടെ എണ്ണം വളരെ കുറവായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മെറ്റീരിയൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചെലവ് കൂടുന്നത് കണക്കിലെടുത്ത് Prefab പ്രൊഡക്ഷൻ യൂണിറ്റുകൾ എല്ലാ ജില്ലകളിലും തുടങ്ങുന്ന കാര്യം നിർമ്മിതികേന്ദ്രം പരിശോധിച്ചു വരികയാണ്.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (എ) വകുപ്പ്

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വില വർദ്ധനവ്, തൊഴിലാളികളുടെ ക്ഷാമം, കൂലി വർദ്ധനവ് എന്നീ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിലാണ് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി പ്രീഫാബ് നിർമ്മാണ സാമഗ്രികളുടെ ഒരു ഉത്പാദന കേന്ദ്രം കോഴിക്കോട് ചാത്തമംഗലത്ത് പൂർത്തിയായി വരുന്നു. കൂടാതെ പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിന് M/s. Hindustan Prefab Ltd.-ഉം സംസ്ഥാന നിർമ്മിതി കേന്ദ്രവും തമ്മിൽ Joint venture കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രീഫാബ് സാങ്കേതിക വിദ്യയിൽ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി പി.ടി.പി. നഗർ, ബാർട്ടൺഹിൽ, കോഴിക്കോട് എന്നിവിടങ്ങളിലും ഓരോ Demo Building നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമെ പ്രീഫാബ് സാങ്കേതിക വിദ്യയിൽ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് ലൈഫ് മിഷനുമായി സഹകരിച്ച് എറണാകുളം കളക്ടറേറ്റ് പരിസരത്ത് ഒരു Demo Building നിർമ്മിച്ചിട്ടുണ്ട്.

ശിപാർശ 30 (ഖണ്ഡിക 76)

ഭവന നിർമ്മാണ ബോർഡിന്റെ നിരവധി പദ്ധതികളിൽ വായ്പ പ്രതിസന്ധി നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ച് KSHDFC-യുടെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാലും ഈ കമ്പനി നിലനിർത്തിക്കൊണ്ട് പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാകുന്നതിനാലും കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള അനുമതി നൽകി സ.ഉ.(കൈ)നം.3/2019/ഭവനം തീയതി 21-3-2019 പ്രകാരം ഉത്തരവായിരുന്നു.

ശിപാർശ 31 (ഖണ്ഡിക 77)

ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലതാമസം വരുന്നത് പദ്ധതി പ്രകാരം നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുക കെട്ടിട

നിർമ്മാണത്തിന് ആവശ്യമായി വരുവാൻ കാരണമാകുന്നു. വിപണിയിൽ വരുന്ന വില വ്യത്യാസങ്ങളാണ് ഈ പ്രശ്നത്തിനിടയാക്കുന്നത്. അനുമതി സംബന്ധിച്ച പ്രശ്നങ്ങൾ കാരണം പദ്ധതി നീണ്ടുപോകുന്നത് വലിയ നഷ്ടത്തിനിടയാകുന്നു. അനുമതിയുടെ സാങ്കേതിക ക്രമങ്ങൾ പെട്ടെന്ന് പൂർത്തിയാക്കുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാവുന്നതാണ്. ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഗവൺമെന്റിന്റെ തന്നെ അംഗീകാരത്തോടു-കൂടിയുള്ളതാണ്. ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വേഗത്തിൽ സമയക്രമം പാലിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും അപേക്ഷ ലഭിച്ചതിനുശേഷം 30 ദിവസത്തിനുള്ളിൽ തന്നെ രൂപരേഖ അനുസരിച്ച് പരിശോധന നടത്തി ന്യൂനതകളുണ്ടെങ്കിൽ പരിഹരിച്ച് നടപടി ക്രമം എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാൻ സമിതി തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്</u>

ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി അപേക്ഷ ലഭിച്ചതിനുശേഷം അടിയന്തരമായി സാങ്കേതിക പരിശോധന നടത്തുകയും എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ തന്നെ നിർമ്മാണാനുമതി നല്കുകയും ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിക്കൊണ്ട് 9-6-2021-ന് ആർഎ 1/128/2020/തസ്വഭവ നമ്പറായി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട് (പരിപത്രത്തിന്റെ പകർപ്പ് അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.)

<u>ശിപാർശ 32 (ഖണ്ഡിക 78)</u>

പൊതുമരാമത്ത് വകുപ്പിൽ കെട്ടിടനിർമ്മാണ ചട്ടത്തിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറോ ചീഫ് ആർക്കിടെക്ടോ സാക്ഷ്യപ്പെടുത്തുന്ന രീതിയാണുള്ളത്. സമാനമാതൃകയിൽ ഭവനനിർമ്മാണ ബോർഡിന്റെ ചീഫ് എഞ്ചിനീയറോ ചീഫ് ആർക്കിടെക്ടോ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും സാക്ഷ്യപ്പെടുത്തുന്ന രീതിയുടെ സാധ്യത പഠിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാനും സമിതി ഭവന നിർമ്മാണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

കേരള മുനിസിപ്പാലിറ്റി പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 5(2), 7(2) പ്രകാരം കേന്ദ്ര-സംസ്ഥാന വകുപ്പിന്റെ ഏതെങ്കിലും ഭൂവികസനമോ, പുനർവികസനമോ, കെട്ടിട നിർമ്മാണമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ Lay out പ്ലാനുകളുടെയും അല്ലെങ്കിൽ നിർദ്ദിഷ്ട പ്ലോട്ട് സബ് ഡിവിഷനുകളുടെയും മറ്റു വിശദാംശങ്ങളുടെയും/നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റ് തദ്ദേശത്തെ വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള ഏതെങ്കിലും പ്ലാനിനു അനുരൂപമാണെന്നും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് എല്ലാ രീതിയിലും അനുസൃതമാണെന്നുമുള്ള ചീഫ് ആർക്കിടെക്ടിന്റെയോ ജോലിയുടെ ചുമതല വഹിക്കുന്ന എഞ്ചിനീയറുടെയോ ഒരു സർട്ടിഫിക്കറ്റോടുകൂടി പണി തുടങ്ങുന്നതിനു മുപ്പത് ദിവസം മുമ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിച്ചാൽ മതിയാവുന്നതാണ്. എന്നാൽ ഭവന നിർമ്മാണബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പെർമിറ്റിനുള്ള അപേക്ഷകൾ പലപ്പോഴും ഈ വിധത്തിൽ സ്വീകരിക്കപ്പെടാറില്ല. സാധാരണ രീതിയിൽ കേന്ദ്ര-സംസ്ഥാന വകുപ്പല്ലാത്ത ഏതൊരാളും സമർപ്പിക്കുന്ന രീതിയിലാണ് ഒട്ടുമിക്ക അപേക്ഷകളും പരിഗണിക്കുന്നത്. പെർമിറ്റ് ലഭിക്കുന്നതിനുള്ള താമസം ഇതുമൂലം അനുഭവിക്കുന്നുണ്ട്. ഭവനനിർമ്മാണ ബോർഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതാണ്ടെല്ലാം തന്നെ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ചട്ടം 5(2), 7(2) എന്നിവയുടെ ആനുകൂല്യം പൂർണ്ണമായും ബോർഡിന് ലഭ്യമാക്കേണ്ടതാണ്.

PWD-ൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനു മുൻപ് നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽ നോട്ടചുമതലയുള്ള ഉദ്യോഗസ്ഥൻ അതാത് പഞ്ചായത്തിലോ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിലോ രേഖാമൂലം അറിയിക്കുകയും പണി തീരുന്ന മുറയ്ക്ക് ചീഫ് ആർക്കിടെക്ടിന്റെ സർട്ടിഫിക്കറ്റോടുകൂടി പ്ലാൻ സമർപ്പിക്കുകയാണ് പതിവ്.

കേരള മുനിസിപ്പൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ൽ വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് (Rule 5(3)) ചീഫ് ടൗൺ പ്ലാനർ എന്നിവരുടെ അനുമതിയും സെക്രട്ടറിയുടെ പെർമിറ്റും ആവശ്യമില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ആനുകൂല്യം ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കു (വിവിധ ഭവന നിർമ്മാണ പദ്ധതികൾ, വാടക വീട് പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, വിവിധ സർക്കാർ വകുപ്പുകൾക്കുവേണ്ട accredited

agency എന്ന നിലയിൽ ബോർഡ് ഏറ്റെടുത്തു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ) ബാധകമാണോയെന്നു വ്യക്തമല്ല. ഈ ആനുകൂല്യം ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാധകമാക്കുന്നതു ഉചിതമാണ്.

ശിപാർശ 33 (ഖണ്ഡിക 79)

ഭവന നിർമ്മാണ ബോർഡിന്റെ നിരവധി പദ്ധതികൾ സ്ഥലലഭ്യതയുടെ പ്രശ്നം മൂലം മുടങ്ങി കിടക്കുന്നുണ്ട്. റവന്യൂ വകുപ്പ് ഉൾപ്പെടെ പല വകുപ്പുകളിലും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉണ്ട്. ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ ക്രമ പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തുവരുന്നു. ഓരോ വകുപ്പിനും അവരവരുടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനുണ്ടായിരുന്ന അധികാരം നിലവിൽ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സ്ഥല ലഭ്യത കുറവ് മൂലം ബുദ്ധിമുട്ട് നേരിടുന്ന പദ്ധതികളുടെ പ്രത്യേക പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പുമായും റവന്യൂ വകുപ്പുമായും ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനുതകുന്ന നടപടികൾ സ്വീകരിക്കുവാൻ ഭവനനിർമ്മാണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

സർക്കാർ ഭൂമിയുടെ ലഭ്യതക്കുറവുമൂലം റവന്യൂ ടവർ പദ്ധതി, ആശ്വാസ് വാടക വീട് പദ്ധതി, സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി, കേന്ദ്ര സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തി ബോർഡ് നടപ്പിലാക്കി വരുന്ന വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി തുടങ്ങിയവയുടെ ബഡ്ജറ്റ് വിഹിതം യഥാസമയം പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ ടി പദ്ധതികൾക്ക് ഭൂമി ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോടും റവന്യൂ വകുപ്പിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ശിപാർശ 35 (ഖണ്ഡിക 81)

ഭവന നിർമ്മാണ പദ്ധതികളിൽ ഉടമസ്ഥാവകാശം ഗുണഭോക്താവിന് നൽകുമ്പോൾ വ്യക്തിപരമായ ആവശ്യങ്ങൾക്കായി വിൽപ്പന/കൈമാറ്റം ചെയ്യുന്നതായും അങ്ങനെ പദ്ധതിയുടെ ഗുണഭോക്താവ് വീണ്ടും ഭവന രഹിതനാകുകയും ചെയ്യുന്ന അവസ്ഥയുണ്ട്.

കൈമാറ്റം ചെയ്യുന്നതിൽ തടസ്സങ്ങൾ വരുന്ന രീതിയിൽ വ്യവസ്ഥകൾ ഉണ്ടാക്കിയാലും വർഷങ്ങൾ കഴിയുമ്പോൾ കൈമാറ്റം ചെയ്യുവാൻ നിയമം അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ ഭവന പദ്ധതിയുടെ ഗുണഭോക്താവ് തന്നെ വീണ്ടും ഭവന രഹിതനാകുന്നത് അനുവദനീയമല്ല. ഭവന നിർമ്മാണ പദ്ധതികളിൽ ഉടമസ്ഥാവകാശത്തിനു പകരം കരാർ വ്യവസ്ഥ സ്വീകരിച്ചാൽ കൈമാറ്റം ചെയ്യുന്നത് തടയുവാൻ കഴിയും. ആയതിനാൽ ഭവന

നിർമ്മാണ പദ്ധതികളിൽ ഉടമസ്ഥാവകാശം ഗുണഭോക്താവിന് നൽകുന്നതിന് പകരം കരാർ വ്യവസ്ഥ സ്വീകരിക്കുവാനും കൈമാറ്റം തടയുവാനും സമിതി ശിപാർശ ചെയ്യുന്നു. ഉടമസ്ഥാവകാശം നൽകാതെ കൈമാറ്റം തടഞ്ഞാൽ പാർപ്പിട പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരം കൈവരിക്കുവാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചിട്ടുള്ള/നിർമ്മിച്ച കൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളിലെ ഫ്ലാറ്റുകൾ/വീടുകൾ, ഗുണഭോക്താവ് തുക അടച്ച് കഴിയുമ്പോൾ അവർക്ക് ഫ്ലാറ്റുകൾ/വീടുകളുടെ ഉടമസ്ഥാവകാശം നൽകി വരികയാണ് ചെയ്യുന്നത്. ആ രീതിയിലാണ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഗുണഭോക്താക്കൾ മുഴുവൻ തുകയും അടച്ച കഴിഞ്ഞാൽ നിയമ പ്രകാരം sale deed നൽകേണ്ടതായിട്ടുണ്ട്. നിയമസഭാ സമിതി ശിപാർശ ഡയറക്ടർ ബോർഡ് മുമ്പാകെ സമർപ്പിക്കുവാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

<u>ശിപാർശ 36 (ഖണ്ഡിക 82)</u>

തൊഴിലുറപ്പ് പദ്ധതിയിലെ (MNREGA) തൊഴിലാളികളെ ഭവന പദ്ധതികളുടെ ആവശ്യത്തിനായി വിനിയോഗിക്കുന്ന സാധ്യത പരിഗണിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ മേഖലയിൽ പ്രാവീണ്യം നേടുവാൻ തൊഴിലാളികൾക്ക് സാധിക്കുമെന്ന നേട്ടം ഈ രീതിയ്ക്കുണ്ട്. തൊഴിലാളികളുടെ അഭാവം മൂലം പ്രതിസന്ധി നേരിടുന്ന നിർമ്മാണ മേഖലയ്ക്ക് ഒരു കൈതാങ്ങായും ഈ രീതി ഭവിക്കുന്നു. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ പാർപ്പിട പദ്ധതിയിലെ ജോലികൾക്കായി വിനിയോഗിക്കുന്ന സമ്പ്രദായം സംബന്ധിച്ച സാധ്യതകൾ പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഭവന പദ്ധതിയുടെ ആവശ്യത്തിനായി നിയോഗിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 90 തൊഴിൽ ദിനങ്ങൾ ലഭിക്കുന്ന വിധം അവിദഗ്ധ തൊഴിലാളികളെ ഉപയോഗപ്പെടുത്താവുന്നതാണ്. മേൽ പരിധിക്ക് ഉപരിയായി മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ തൊഴിലാളികളെ നിയോഗിക്കുവാൻ പദ്ധതി മാനദണ്ഡങ്ങളിൽ നിലവിൽ വ്യവസ്ഥയില്ല. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്ത് വരുന്ന തൊഴിലാളികളിൽ ഏറിയ പങ്കും 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളാണ്. ഇത്തരം തൊഴിലാളികളെ നേരിട്ട് വിദഗ്ധ തൊഴിലായ ഭവന നിർമ്മാണത്തിൽ വിനിയോഗിക്കാൻ പരിമിതി ഉള്ള സാഹചര്യവും നിലനില്ക്കുന്നു. ആയതിനാൽ ആദ്യ പടിയായി ഈ തൊഴിലാളികൾക്ക് വിവിധങ്ങളായ അർദ്ധ വിദഗ്ധ തൊഴിലുകളിൽ പരിശീലനം നല്കുന്നതിനാണ് പ്രാമുഖ്യം നല്കിയിട്ടുള്ളത്. നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ വൈദഗദ്ധ്യം വർദ്ധിപ്പിച്ച് ഭവന നിർമ്മാണമടക്കമുള്ള എല്ലാത്തരം നിർമ്മാണ പ്രവൃത്തികളിലും വിദഗ്ധ അർദ്ധ വിദഗ്ധ തൊഴിലാളികളായി സ്വന്തം നിലയ്ക്ക് ജോലി കണ്ടെത്തുവാൻ പ്രാപ്തരാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഉന്നതി എന്ന പദ്ധതിയുടെ ഭാഗമായും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് പുറമേ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്നവരിൽ താല്പര്യമുള്ളവരും കഴിവുള്ളവരുമായ അവിദഗ്ധ തൊഴിലാളികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നല്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം 79 ഗ്രാമപഞ്ചായത്തുകളിലായി 740 അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുകയും 2020-2021 സാമ്പത്തിക വർഷം 34 ഗ്രാമപഞ്ചായത്തുകളിലായി 159 അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 40 (ഖണ്ഡിക 86)

നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പേ സ്വീകരിക്കേണ്ട സാധ്യത പരിശോധനകളുടെ ഒരു പട്ടിക തയ്യാറാക്കണമെന്നും അവയുടെ ഫലങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വിശദമായ അപഗ്രന്ഥനങ്ങളും നിർദ്ദേശങ്ങളും ഓരോ പദ്ധതിയുടെ ഫയലിലും ഉൾപ്പെടുത്തുന്ന രീതി അവലംബിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

ഓരോ പദ്ധതിയും രൂപകല്പന ചെയ്യുമ്പോൾ തന്നെ demand assessment നടത്താറുണ്ട്. ബോർഡ് നടപ്പിലാക്കുന്ന പാരസ്പര്യം പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് മതിയായ ഗുണഭോക്താക്കളെ ഉറപ്പാക്കിയതിനുശേഷം മാത്രമാണ്.

അദ്ധ്യായം - III

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും

ശിപാർശ 1 (ഖണ്ഡിക 12)

ദുർബല വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ പ്രായോഗികമായി നിശ്ചിത തുക കണക്കാക്കി അതിന് അനുസൃതമായ സാമ്പത്തിക ഘടന നിശ്ചയിക്കുക എന്നത് പ്രാധാന്യത്തോടെ ചെയ്യണമെന്നും നിശ്ചിത കാലയളവിൽ പ്രസ്തുത തുകയിൽ പൂർണ്ണമായി നിർമ്മാണം പൂർത്തിയാക്കുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (എ) വകുപ്പ്

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന സർക്കാർ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബല വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന (EWS Category) ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്കായാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി സർക്കാർ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി ഭവന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം സർക്കാർ അംഗീകരിച്ച യൂണിറ്റ് കോസ്റ്റിന്റെ 60% തുക ഗുണഭോക്താക്കളുടെ വിഹിതവും 40% തുക സർക്കാരിന്റെ സബ്സിഡി തുകയുമാണ്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2020-21 സാമ്പത്തിക വർഷം കോഴിക്കോട് മുക്കം, കണ്ണൂർ പട്ടുവം, വയനാട് തൃക്കൈപ്പറ്റ എന്നിവിടങ്ങളിൽ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി ഭവന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

മുക്കം, കോഴിക്കോട് - കോഴിക്കോട് ജില്ലയിൽ മുക്കത്ത് രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയ്ക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 45.89 സെന്റ് സ്ഥലത്ത് 3 നിലകളുള്ള 4 കെട്ടിടത്തിൽ, പ്ലാസ്റ്ററിംഗ് ഒഴിവാക്കി ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച്, രണ്ട് കിടക്ക മുറികളുള്ള 36 ഭവന യൂണിറ്റുകളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്നതും, 545 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്ത പദ്ധതിയുടെ 6 യൂണിറ്റുകൾ ഉൾപ്പെട്ട A ബ്ലോക്കിന്റെയും 12 യൂണിറ്റുകൾ ഉൾപ്പെട്ട B ബ്ലോക്കിന്റെയും ആദ്യത്തെ നിലയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. മുക്കം ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് ഭൂമി വില ഒഴികെ ഏകദേശം 20 ലക്ഷം രൂപയാണ്.

<u>പട്ടുവം, കണ്ണൂർ</u>- കണ്ണൂർ ജില്ലയിൽ പട്ടുവത്ത് രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട 53.14 സെന്റ് സ്ഥലത്ത് പ്ലാസ്റ്ററിംഗ് ഒഴിവാക്കി ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് 3 നിലകളുള്ള 3 ബ്ലോക്കുകളിലായി 36 ഭവന യൂണിറ്റുകളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്നതും, 545 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്ത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. പട്ടുവം, മുക്കം ഭവന പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് ഭൂമിവില ഒഴികെ ഏകദേശം 20 ലക്ഷം രൂപയാണ്.

<u>തൃക്കൈപ്പറ്റ, വയനാട്</u> - രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ മേപ്പാടി പഞ്ചായത്തിൽപ്പെടുന്ന തൃക്കൈപ്പറ്റ വില്ലേജിൽ 2 ഏക്കർ സ്ഥലത്ത് ഒഴിവുള്ള 83.38 സെന്റിൽ ഏകദേശം 4 സെന്റിന്റെ 18 പ്ലോട്ടുകളിലായി വീടുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഒമ്പത് മാസം കൊണ്ട് പൂർത്തീകരിക്കുവാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ഈ പദ്ധതിയിൽ മഴവെള്ള സംഭരണി, സോളാർ പാനൽ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആകെ 18 വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതിൽ 11 വീടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. തൃക്കൈപ്പറ്റ ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് ഭൂമിവില ഒഴികെ ഏകദേശം 12.5 ലക്ഷം രൂപയാണ്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 2021-2022 സാമ്പത്തിക വർഷം ഇടുക്കി പീരുമേട്, കൊല്ലം കരീപ്ര എന്നിവിടങ്ങളിലും, 2022-2023 സാമ്പത്തിക വർഷം തൃശ്ശൂർ മുളങ്കുന്നത്തുകാവിലും ദുർബല/ താഴ്ന്ന വരുമാന വിഭാഗക്കാർക്കായി ഭവന പദ്ധതികൾ വിഭാവനം ചെയ്യുകയും, പ്രസ്തുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കായി കോഴിക്കോട് ജില്ലയിലെ മുക്കം, കണ്ണൂർ ജില്ലയിലെ പട്ടുവം, വയനാട് ജില്ലയിലെ തൃക്കൈപ്പറ്റ എന്നിവിടങ്ങളിലെ ഫ്ലാറ്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സമിതിയെ അറിയിക്കുക.

ശിപാർശ 2 (ഖണ്ഡിക 14)

നൂതനമായ സാങ്കേതിക വിദ്യകൾ സന്നിവേശിപ്പിച്ച് നിർമ്മാണ ചെലവ് കുറയ്ക്കാമെന്ന് ചോറ്റാനിക്കരയിൽ നടപ്പിലാക്കിയ സാഫല്യം പദ്ധതി ചൂണ്ടിക്കാണിക്കുന്നു. പ്രീഫാബ് എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ചോറ്റാനിക്കരയിലെ ഫ്ലാറ്റുകൾ നിർമ്മിച്ചത്. ചാത്തന്നൂരിലെ പദ്ധതി ഫ്ലാറ്റുകളെ അപേക്ഷിച്ച് മെച്ചമായ രീതിയിൽ അതേ തുകയ്ക്ക് തന്നെ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ നല്കുവാൻ ചോറ്റാനിക്കരയിൽ

സാധിച്ചുവെന്ന് സമിതി കണ്ടെത്തി. നൂതനമായ സാങ്കേതിക വിദ്യകൾ സന്നിവേശിപ്പിച്ച് ശാസ്ത്രീയമായി ഫ്ലാറ്റ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് ഹൗസിംഗ് ബോർഡിന്റെ ഫ്ലാറ്റുകൾ എന്ന ആശയത്തിൽ തന്നെ സമൂലമായ മാറ്റം വരുത്തി ഗുണഭോക്താക്കൾക്ക് ആകർഷണീയത ഉളവാകും വിധം ഫ്ലാറ്റുകളുടെ നിർമ്മാണ രീതി നാളതീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

നൂതനമായ സാങ്കേതിക വിദ്യ അവലംബിക്കുന്നതിന്റെ ഭാഗമായി ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകൾ GFRG (Glass Fibre Reinforced Gypsum) പാനലുകൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഈ രീതിയിലുള്ള നിർമ്മാണ രീതി പ്രാവർത്തികമാക്കുന്നതിന് Crane മുതലായ Machinery site-ൽ എത്തിച്ച് ഉപയോഗിക്കുന്നതിനായി പദ്ധതി പ്രദേശത്തിലെ സ്ഥലസൗകര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾക്ക് ആകർഷണീയത ഉളവാകും വിധം ഫ്ലാറ്റുകളുടെ നിർമ്മാണ രീതിയിൽ മാറ്റം വരുത്തുന്നതിനായി സമിതിയുടെ ശിപാർശ കണക്കിലെടുക്കുന്നതാണ്. ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഫ്ലാറ്റുകൾ എന്ന ആശയത്തിലേയ്ക്ക് ഭവന നിർമ്മാണ ബോർഡ് പ്രവേശിച്ചത്. കെട്ടിട നിർമ്മാണ രംഗത്ത് നിത്യേന നൂതനങ്ങളായ സാങ്കേതിക വിദ്യകൾ രൂപപ്പെട്ടുവന്നുകൊണ്ടിരിക്കുന്നു. അവ ബോർഡിലെ ജീവനക്കാർക്ക് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇവയുടെ ഫലമായി നൂതനമായ സാങ്കേതിക വിദ്യകൾ ബോർഡിലെ ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡ് പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികളിൽ പഴയ രീതികളെ അപേക്ഷിച്ച് സമൂല മാറ്റം വരുത്തുന്നുണ്ട് Sewage Treatment Plant (STP), Waste Treatment Plant (WTP), Bio-gas plant, Solar Panel തുടങ്ങിയ സംവിധാനങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തുന്നുണ്ട്. ആയതു പ്രകാരം കാലോചിതമായ മാറ്റം നിർമ്മാണ രീതികളിൽ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ഹൗസിംഗ് ബോർഡ് ഫ്ലാറ്റുകളുടെ വാടക വളരെ കൂടുതലായതിനാൽ നിരവധി ഫ്ലാറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും അത്തരത്തിൽ എത്ര ഫ്ലാറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന് വ്യക്തമാക്കുക; ഫ്ലാറ്റുകൾ ഈടാക്കുന്ന അമിത വാടക നിരക്ക് പുനഃപരിശോധിക്കണമെന്നും കൂടാതെ യോഗ്യരായ ആർക്കിടെക്ടുമാരെ നിയോഗിച്ചുകൊണ്ട് ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം നവീകരിക്കണമെന്നും ഫ്ലാറ്റുകൾ

നിർമ്മിക്കുമ്പോൾ കുടിവെള്ള ലഭ്യതയും ടോയ്‌ലെറ്റ് സൗകര്യവും ഉറപ്പുവരുത്തണമെന്നും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ആധുനികവും മനോഹരവും വാസയോഗ്യവുമായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ 3 (ഖണ്ഡിക 19)

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 18,000 അപേക്ഷകൾ നിലവിൽ പെൻഡിംഗിലാണെന്നും പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾ ഏറെയുണ്ടെങ്കിലും എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിലേക്കുള്ള മതിയായ സർക്കാർ സബ്സിഡി പൂർണ്ണമായും ലഭിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡി തുക ലഭ്യമാക്കണമെന്നും സബ്സിഡി തുക 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

ഗൃഹശ്രീ ഭവന പദ്ധതിയുള്ള സർക്കാർ സബ്സിഡി 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ട്, പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ ആകെ തുക 6 ലക്ഷം രൂപ ആക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിരുന്നെങ്കിലും Life പദ്ധതി നിലവിലുള്ളതിനാൽ മറ്റ് വിഭാഗങ്ങളിലുള്ള ജനങ്ങൾക്ക് കൂടി പ്രയോജനം ലഭിക്കുന്ന പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ ഭവന നിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു.

ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് 2017-18 (21.76 കോടി), 2018-19 (26 കോടി), 2019-20 (32.36 കോടി) വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക ബോർഡിന് സർക്കാരിൽ നിന്നും നൽകിയിരുന്നില്ല.

2020-21 സാമ്പത്തിക വർഷത്തിന്റെ സ.ഉ.(സാധാ.)നം.46/2020/ഭവനം തീയതി 18-12-2020 പ്രകാരം ഗൃഹശ്രീ പദ്ധതിയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുകയും തുടർന്ന് സ.ഉ. (സാധാ.)നം.8/2021/ഭവനം തീയതി 12-2-2021 പ്രകാരം 20 കോടി രൂപ റിലീസ് ചെയ്ത് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഭവന നിർമ്മാണ ബോർഡ് നിലവിൽ ഗൃഹശ്രീ പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കി സബ്സിഡി തുക 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ഗൃഹശ്രീ പദ്ധതിയുടെ സബ്സിഡി തുക 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുക.

ശിപാർശ 5 (ഖണ്ഡിക 21)

ഗൃഹശ്രീ ഭവന പദ്ധതിയിൽ ഹരിത സാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

ഗൃഹശ്രീ ഭവന പദ്ധതിയിൽ ഹരിത സാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകണമെന്ന സമിതിയുടെ ശിപാർശ പരിഗണിക്കുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ഗൃഹശ്രീ ഭവനപദ്ധതിയിൽ ഹരിത സാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകണമെന്ന സമിതി ശിപാർശ പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുക.

ശിപാർശ 6 (ഖണ്ഡിക 22)

ഗൃഹശ്രീ ഭവന പദ്ധതിയിൽ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുമ്പോൾ വിധവകൾക്കും മറ്റു മാനുഷിക പരിഗണന അർഹിക്കുന്നവർക്കും അർഹമായ പ്രാതിനിധ്യം നൽകണമെന്നും ഭവന നിർമ്മാണ ബോർഡിന്റെ സവിശേഷമായ അധികാരം ഉപയോഗിച്ച് ഇത് ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ (ബി) വകുപ്പ്

നിലവിൽ ഗൃഹശ്രീ ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ സ്പോൺസർ ചെയ്ത വ്യക്തികളുടെ നിർദ്ദേശ പ്രകാരം ബോർഡ് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ വിധവകളും മറ്റു മാനുഷിക പരിഗണന അർഹിക്കുന്ന വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ സ്പോൺസർമാർ നിർദ്ദേശിച്ചാൽ മാത്രമേ ഇവരെ ഉൾപ്പെടുത്തുവാൻ

കഴിയുകയുള്ളൂ. ഇങ്ങനെയുള്ളവർ നിർദ്ദേശിക്കപ്പെട്ടാൽ അവർക്ക് ബോർഡ് അർഹമായ മാനുഷിക പരിഗണന നൽകുന്നതാണ്. എന്നിരുന്നാലും ഗൃഹശ്രീക്കു സമാനമായ പദ്ധതി രൂപീകരണ സമയത്ത് ഗുണഭോക്താവിന്റെ തെരഞ്ഞെടുപ്പ് രീതിയിൽ വിധവകൾക്കും മറ്റു മാനുഷിക പരിഗണന അർഹിക്കുന്നവർക്കും അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ഗൃഹശ്രീ പദ്ധതി പ്രകാരം ഗുണഭോക്താവിനെ തെരഞ്ഞെടുക്കുമ്പോൾ വിധവകൾക്കും മറ്റ് മാനുഷിക പരിഗണന അർഹിക്കുന്നവർക്കും അർഹമായ പരിഗണന നൽകണമെന്ന് സ്പോൺസർമാരോട് ആവശ്യപ്പെടുന്നതിന് ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുക.

<u>ശിപാർശ 10 (ഖണ്ഡിക 30)</u>

നിലവിൽ പ്രവർത്തിച്ചുവരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിലെ അംഗങ്ങളിൽ നിന്നും മുൻകൂർ ഇനത്തിൽ പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾക്കുള്ള തുക സമാഹരിച്ച് വൈദ്യുതോൽപ്പാദനം നടത്തുവാനും വൈദ്യുതിയുടെ ഉപഭോഗത്തിൽ സ്വയം പര്യാപ്തത നേടുവാനും സമിതി ശിപാർശ ചെയ്യുന്നു. പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾക്കായി സമാഹരിക്കുന്ന തുക അംഗങ്ങളുടെ മുൻകൂർ വാടകയിനത്തിൽ ചേർക്കുകയും പിരിഞ്ഞുപോകുമ്പോൾ തിരിച്ചുനൽകുകയും ചെയ്യുന്ന രീതി അവലംബിക്കുകയാണെങ്കിൽ ഗുണഭോക്താക്കളിൽ അധിക ബാധ്യത വരുത്താതെ പ്രശ്നം പരിഹരിക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

പ്രവർത്തനം ആരംഭിച്ചതായ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ അഡ്മിഷൻ പൂർണ്ണമായിട്ടില്ല. അന്തേവാസികളുടെ മുൻകൂർ വാടകയിനത്തിൽ ചേർത്തുകൊണ്ട് പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾക്കുള്ള തുക സമാഹരിച്ച് വൈദ്യുതോൽപ്പാദനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശ കോഴിക്കോട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തപ്പോൾ മുൻകൂർ വാടക, മെസ്സിനുള്ള ചെലവ് തുടങ്ങി ഇപ്പോൾത്തന്നെ അന്തേവാസികൾക്ക് നല്ലൊരു തുക പ്രവേശനം നേടുമ്പോൾ അടയ്ക്കേണ്ടതിനാൽ മേൽപ്പറഞ്ഞ തുക കൂടി അധിക ബാധ്യതയാകുമെന്നതിനാൽ ഹോസ്റ്റൽ അഡ്മിഷൻ പൂർണ്ണമാവുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കാവുന്നതാണ്. ഇനി തുടങ്ങുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ പ്രോജക്ട്

റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞവ കൂടി ഉൾപ്പെടുത്താവുന്നതാണ്. ബോർഡ് നടപ്പിലാക്കിയിട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പൂർണ്ണ രീതിയിൽ പ്രവർത്തനക്ഷമമാകുമ്പോൾ ഓരോ പദ്ധതിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതിയുടെ ഉപഭോഗത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ആധുനികരീതിയിൽ വൃത്തിയും ഭംഗിയുമുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് മിതമായ വാടക ഈടാക്കിയാൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ വാടകക്കാർ എത്തുമെന്നും മുൻകൂർ വാടക വാങ്ങി സോളാർ പാനൽ സ്ഥാപിക്കണമെന്ന നിർദ്ദേശം ഫലപ്രദമല്ലെന്നും അതിനായി ഹൗസിംഗ് ബോർഡിന്റെ നയത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>ശിപാർശ 11 (ഖണ്ഡിക 32)</u>

ഹൗസിംഗ് ബോർഡ് രൂപ കൽപ്പന ചെയ്തുവരുന്ന പുതിയ 5 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും പണിപൂർത്തീകരിച്ചോയെന്നതു സംബന്ധിച്ച വിവരവും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (ബി) വകുപ്പ്</u>

<u>2015-2016</u>

1) മാധൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കാസർഗോഡ്, നിർമ്മാണ ചെലവ് 729.54 ലക്ഷം രൂപ (ഭൂമി വില ഉൾപ്പെടെ), തുകയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ലഭിക്കാനുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിൽ 5.04 കോടി രൂപയുടെ ഭരണാനുമതി (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും) നല്കി, തുടർനടപടി സ്വീകരിച്ച് വരുന്നു.

<u>2016-2017</u>

2) മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ-സ.ഉ.(സാധാ.) നം.51/2016/ഭവനം തീയതി 26-10-2016 പ്രകാരം മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയ്ക്ക് 1868.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-2017 സാമ്പത്തിക വർഷം മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഭവന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ള 1200 ലക്ഷം രൂപയിൽ നിന്നും സംസ്ഥാന വിഹിതമായി 4.80 കോടി രൂപ റിലീസ് ചെയ്ത് ഉത്തരവായിരുന്നു. സ.ഉ.(സാധാ.)നം.32/2018/ഭവനം തീയതി 24-7-2018 പ്രകാരം 2017-2018 സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ചെടുത്ത 3,88,00,000/- രൂപ 2018-2019 സാമ്പത്തിക വർഷത്തെ 4216-80-201-98-WWH ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് ഉത്തരവായിരുന്നു.

2017-2018

3) ഗാന്ധിനഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ നിർമ്മാണ ചെലവ് 1267.93 ലക്ഷം രൂപയാണ് (സ്ഥലത്തിന്റെ വില ഉൾപ്പെടെ) അതിൽ 60% സെൻട്രൽ ഷെയറും 40% സ്റ്റേറ്റ് ഷെയറുമാണ്. സ.ഉ.(സാധാ.)നം.31/2017/ഭവനം തീയതി 6-6-2017 പ്രകാരം 3.63 കോടി രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതി നിശ്ചയിച്ച സമയത്ത് നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ സ.ഉ.(സാധാ.)നം.30/2020/ഭവനം തീയതി 11-9-2020 സർക്കാർ ഉത്തരവ് പ്രകാരം 563 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന സർക്കാർ വിഹിതമായി 2,25,20,000/- രൂപ റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

4) പീരുമേട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്ക് സ.ഉ.(സാധാ.) നം.63/2017/ ഭവനം തീയതി 13-11-2017 പ്രകാരം 237 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സർക്കാർ ഭൂമി ഇതുവരെ ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടില്ലാത്തതിനാൽ ടി പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ല.

5) പൗണ്ട് കടവ്-പദ്ധതി പ്രദേശം സംബന്ധിച്ച് കോടതിയിൽ കേസ് നടക്കുന്നതിനാൽ പദ്ധതി സർക്കാർ ഉപേക്ഷിച്ചിരുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

മാത്തൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലയളവ് എത്ര; എത്ര ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചു; എപ്പോൾ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും? മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഭവനപദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണവും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുക, ഗാന്ധിനഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്കുള്ള സർക്കാർ വിഹിതം റിലീസ് ചെയ്യുന്നതും ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നുള്ളത് സംബന്ധിച്ചും വ്യക്തമാക്കുക, 2017-ൽ ഭരണാനുമതി ലഭിച്ച പീരുമേട് വർക്കിംഗ് വിമൻസ്

ഹോസ്റ്റലിന്റെ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുക, സർക്കാർ ഭൂമി ലഭ്യമായില്ലെങ്കിൽ മറ്റേതെങ്കിലും ഭൂമി നൽകുക തുടങ്ങിയ വിഷയങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശിപാർശ 12 (ഖണ്ഡിക 33)

പൗണ്ട് കടവിൽ 1296 കിടക്കകളുള്ള 102 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് നിലവിലുള്ളത്. 50 കോടി രൂപ കിഫ്ബി ഫണ്ടും 52 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ഫണ്ടും കൂട്ടിച്ചേർത്താണ് 102 കോടി രൂപ സമാഹരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയാൽ ആയതിന് നല്ല രീതിയിലുള്ള ഒരു പ്രചാരണമാണ് ലഭിക്കുക എന്ന് സമിതി വിലയിരുത്തുന്നു. ഭവന നിർമ്മാണ ബോർഡിന്റെ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളിൽ സ്ഥലത്തിന്റെ സാധ്യതയനുസരിച്ച് സോളാർ പാനലുകളോ വിൻഡ് സോളാർ ഹൈബ്രിഡ് പാനൽ സംവിധാനമോ വഴി വൈദ്യുതി ഉപഭോഗത്തിൽ സ്വയംപര്യാപ്തത കൈവരിക്കാവുന്നതാണ്. അധികം ആവശ്യമായി വരുന്ന തുക മുൻകൂർ വാടകയിലൂടെ കണ്ടെത്താവുന്നതാണ്. ഭവന നിർമ്മാണ ബോർഡിന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്കാവശ്യമായ വൈദ്യുതി പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങളിലൂടെ കൈവരിച്ച് സ്വയംപര്യാപ്തത നേടുവാനും ആയതിന് ആവശ്യമായി വരുന്ന തുക മുൻകൂർ വാടകയുടെ ഭാഗമായി ഈടാക്കി അംഗം പിരിഞ്ഞു പോകുമ്പോൾ തുക തിരികെ നൽകുന്ന രീതി അവലംബിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (ബി) വകുപ്പ്

പൗണ്ട് കടവ് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് ഭൂമി ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ ഈ പദ്ധതി ഉപേക്ഷിച്ചിരുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പൗണ്ട് കടവ് പദ്ധതി പ്രദേശം സംബന്ധിച്ച് കേസ് നടക്കുന്നതിനാൽ സർക്കാർ ഉപേക്ഷിച്ച പദ്ധതിക്ക് പകരം പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എവിടെയാണ് ആരംഭിച്ചത് എന്നുള്ളതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

ശിപാർശ 13 (ഖണ്ഡിക 36)

എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതിയ്ക്ക് 2011-12 ൽ 1.5 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 2013-14, 2014-15 വർഷങ്ങളിലായി 77.2 ലക്ഷം രൂപ മാത്രം വിനിയോഗിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കി, വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (ബി) വകുപ്പ്

എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2007-2008 മുതൽ 28-2-2015 വരെ 56 കോടി രൂപ അനുവദിക്കുകയും 30-9-2015 തീയതിയിലെ കണക്കനുസരിച്ച് 12,852 വീടുകൾക്ക് 55.59 കോടി രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചു നൽകിയിട്ടുമുണ്ട്. അതിൽ 2013-14, 2014-15 വർഷങ്ങളിൽ മാത്രം വിനിയോഗിച്ച തുകയാണ് 77.20 ലക്ഷം രൂപ.

അർഹതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതുവരെയുള്ള സർക്കാർ സബ്സിഡി വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിന്റെ നിലവിലെ സ്ഥിതിയും എത്ര ഇരട്ടവീടുകൾ ഒറ്റവീടാക്കാനുണ്ടെന്നുള്ളതിന്റെ കണക്കും ലഭ്യമാക്കുന്നതിനും ഇരട്ടവീടുകളുണ്ടെങ്കിൽ അവ ഒറ്റവീടാക്കാനുള്ള പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി വകുപ്പിന് ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശിപാർശ 15 (ഖണ്ഡിക 40)

2014-15, 2015-16, 2016-17 വർഷങ്ങളിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടകവീട് പദ്ധതി പ്രകാരം പദ്ധതി പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വരും വർഷങ്ങളിൽ സർക്കാർ ജീവനക്കാരുടെ ആവശ്യങ്ങൾ പരിഗണിച്ച് സർക്കാർ ജീവനക്കാർക്കുള്ള വാടകവീട് പദ്ധതി കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കണമെന്നും ഫ്ലാറ്റുകൾ, വീടുകൾ എന്നിവ നിർമ്മിച്ച് ക്വാർട്ടേഴ്സായി നൽകുന്നത് സംബന്ധിച്ച പ്രവർത്തന പുരോഗതികളും പരിഷ്കരണങ്ങളും ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (ബി) വകുപ്പ്

2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 'സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി'-യ്ക്കായി 500 ലക്ഷം രൂപ വകയിരുത്തി

6-6-2017-ലെ സ.ഉ.(സാധാ)34/2017/ഭവനം നമ്പർ സർക്കാർ ഉത്തരവിലൂടെ ടി പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളിൽ കണ്ടെത്തിയ സർക്കാർ ഭൂമിയിൽ 12 ഫ്ലാറ്റുകൾ വീതം നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിരുന്നു. എന്നാൽ കാസർഗോഡ് കണ്ടെത്തിയ സർക്കാർ ഭൂമിയിൽ പദ്ധതി നടപ്പിലാക്കാനാവാത്ത സാഹചര്യത്തിൽ പകരം സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ ഭൂമിയിൽ 'സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി'-യ്ക്ക് 600 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ 12 വീതം ഫ്ലാറ്റുകൾ നിർമ്മിക്കുന്ന 627 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ഈ പദ്ധതിയ്ക്ക് 27-9-2019-ൽ അംഗീകാരം നല്കിയിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിർമ്മാണ പ്രവർത്തനമാരംഭിച്ച പദ്ധതിയുടെയും അംഗീകാരം ലഭിച്ച വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിലെ ഫ്ലാറ്റ് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കുക.

<u>ശിപാർശ 16 (ഖണ്ഡിക 45)</u>

2016-17 കാലയളവിൽ പത്രപ്രവർത്തക ഭവന നിർമ്മാണ പദ്ധതിയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവനനിർമ്മാണ (ബി) വകുപ്പ്</u>

പത്ര പ്രവർത്തക ഭവന സബ്സിഡിയ്ക്കായി ഓരോ സാമ്പത്തിക വർഷവും 18 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു. 2016-17 വർഷത്തെ ബഡ്ജറ്റിൽ 18 ലക്ഷം രൂപ 2216-80-103-99-02(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ നിന്നും 2 ലക്ഷം രൂപ 2015-16 വർഷത്തിൽ സബ്സിഡിയ്ക്കായി നൽകിയിരുന്നു. ബാക്കി 16 ലക്ഷം രൂപയിൽ നിന്നും എല്ലാ രേഖകളും ഹാജരാക്കിയ 22 പത്ര പ്രവർത്തകർക്ക് സബ്സിഡി അനുവദിക്കാൻ 10-11-2017-ൽ സംസ്ഥാനതല യോഗം തീരുമാനിക്കുകയും ആയതിനനുസരിച്ച് 15-1-2018-ലെ എ&എ/ട്രഷറി റിലീസിംഗ് നടപടി പ്രകാരം സബ്സിഡി തുക പത്ര പ്രവർത്തകരുടെ ബാങ്കിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്.

2-7-2019-ലെ സംസ്ഥാനതല യോഗത്തിൽ 15 അപേക്ഷകർക്ക് സബ്സിഡി അനുവദിക്കുന്നതിന് തീരുമാനിക്കുകയും സ.ഉ(സാധാ)നം.57/2019/ഭവനം തീയതി 6-11-2019 പ്രകാരം പത്ര പ്രവർത്തക ഭവന പദ്ധതിയ്ക്കായി 2216-80-103-99(02) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് 15 ലക്ഷം രൂപ റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2020-2021 സാമ്പത്തിക വർഷം പത്ര പ്രവർത്തകർക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക നല്കിയിരുന്നില്ല.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പത്രപ്രവർത്തക ഭവന നിർമ്മാണ പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക നൽകാത്തതിന്റെ കാരണവും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കുക.

ശിപാർശ 17 (ഖണ്ഡിക 46)

പത്രപ്രവർത്തക സബ്സിഡി നല്കുമ്പോൾ പ്രസ്തുത തുക പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾ വഴി വൈദ്യുതി ഉൽപാദിപ്പിക്കുക, മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്തുക എന്നിവയ്ക്ക് ഊന്നൽ നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (ബി) വകുപ്പ്

പത്രപ്രവർത്തക സബ്സിഡി അനുവദിക്കുന്നതിനുള്ള സംസ്ഥാനതല യോഗത്തിൽ ടി വിഷയം കൊണ്ടു വന്ന് ഭാവിയിൽ ഇവ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പത്രപ്രവർത്തക ഭവന സബ്സിഡിക്കായി ആകെ 15 ലക്ഷം രൂപ മാത്രം അനുവദിച്ച് കൊണ്ട് ബയോഗ്യാസ് പോലുള്ള പാരമ്പര്യേതര ഊർജ്ജസംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കുക.

ശിപാർശ 18 (ഖണ്ഡിക 47)

ബയോഗ്യാസ് സംവിധാനത്തിന്റെ നിർമ്മാണത്തിനായി നിലവിൽ നിർമ്മിതി കേന്ദ്രം പരിശീലനം നൽകി വരുന്നുണ്ട്. പ്രസ്തുത പരിശീലനാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി ബയോഗ്യാസ് സംവിധാനം നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (ബി) വകുപ്പ്

ബയോഗ്യാസ് പ്ലാന്റ് ഉൾപെടുത്തിയാണ് ഇപ്പോൾ പദ്ധതികൾ രൂപകൽപ്പന ചെയ്യാറുള്ളത്. ഇത്തരം കാലോചിതമായ മാറ്റങ്ങൾ നിർമ്മാണ രീതികളിൽ ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. അത് തുടരുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

പദ്ധതിയുടെ വിശദാംശം ഇല്ലാത്തതിനാൽ അനുവദിച്ച തുക എങ്ങനെയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമല്ലാത്തതിനാൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുക.

ശിപാർശ 37 (ഖണ്ഡിക 83)

ഭവന നിർമ്മാണ ബോർഡിന്റെ എല്ലാ പദ്ധതികളിലെയും ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് 2016-17 വർഷത്തെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. സമിതിയുടെ ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുമ്പോൾ നിലവിൽ ഏറ്റവും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള നാളതീകരിച്ച മറുപടിയാണ് ലഭ്യമാക്കേണ്ടതെന്നും വൈകി ലഭിക്കുന്ന മുൻ വർഷങ്ങളിലെ മറുപടികൾ ഉപയോഗശൂന്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായും വിവിധ പദ്ധതികളുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് കാര്യക്ഷമമായ രീതിയിൽ അപഗ്രഥിക്കുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറുപടികൾ രണ്ട് മാസത്തിനുള്ളിലെങ്കിലും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഭവനനിർമ്മാണ (എ) വകുപ്പ്

2018-19 സാമ്പത്തിക വർഷം മുതൽ ബോർഡ് നടപ്പിലാക്കി വരുന്ന പ്ലാൻ പദ്ധതികളുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള 30-4-2022 വരെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

സമിതിയ്ക്ക് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിട്ടുള്ളതിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ പദ്ധതിയും പരിശോധിച്ച് വ്യക്തമായ മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. അനുബന്ധത്തിൽ ക്രമ നമ്പർ രണ്ടായി ചേർത്തിട്ടുള്ള മട്ടന്നൂർ

നിയോജകമണ്ഡലത്തിലെ പ്രവർത്തിയെക്കുറിച്ചുള്ള വിവരങ്ങൾ തെറ്റാണെന്നും ഇതിനായി വിട്ടുകിട്ടിയ 50 സെന്റ് ഭൂമിയിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു. സമിതിയ്ക്ക് ലഭ്യമാക്കിയ തെറ്റായ വിവരങ്ങൾ പുനഃപരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിച്ചു.

ശിപാർശ 38 (ഖണ്ഡിക 84)

ഭവന നിർമ്മാണ ബോർഡിന്റെ നിർമ്മാണ നിർവ്വഹണത്തിനുശേഷം ധാരാളം ഫ്ലാറ്റുകളും ഷോപ്പുകളും വിറ്റഴിയാതെ കിടക്കുന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് 51 ഫ്ലാറ്റുകളുടെയും 10 ഷോപ്പുകളുടെയും വിൽപ്പന നടന്നിട്ടില്ലെന്നും ജലദൗർലഭ്യമാണ് പ്രസ്തുത സങ്കീർണ്ണത സൃഷ്ടിച്ചതെന്നും സമിതി കണ്ടെത്തി. സാധാരണ ഗതിയിൽ കുഴൽക്കിണറുകൾ മൂലം പരിഹരിക്കാവുന്ന പ്രശ്നമാണ് ഇവിടെ ഉണ്ടായതെന്നും എന്നാൽ ഭൂഗർഭജല വകുപ്പിന്റെ സാധ്യതാ പരിശോധന നടത്താതെ നിർമ്മാണമാരംഭിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമായതെന്നും സമിതി നിരീക്ഷിക്കുന്നു. വില്പന നടക്കാതിരുന്നതിനാൽ വളരെയധികം നിക്ഷേപം പാഴായി പോകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബാലരാമപുരത്ത് വെള്ളമെത്തിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തി എത്രയും പെട്ടെന്ന് 51 ഫ്ലാറ്റുകളുടെയും 10 ഷോപ്പുകളുടെയും വിൽപ്പന നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 39 (ഖണ്ഡിക 85)

ഭവന നിർമ്മാണ ബോർഡിന്റെ നിർമ്മാണ നിർവ്വഹണം കഴിഞ്ഞതിന് ശേഷം വിറ്റഴിയാതെ കിടക്കുന്ന നിരവധി കെട്ടിടങ്ങളുണ്ട്. സ്ഥല പരിമിതിയുടെ പ്രശ്നം നേരിടുന്ന നമ്മുടെ സംസ്ഥാനത്ത് ഇത്രയധികം കെട്ടിടങ്ങളും സ്ഥലവും പ്രശ്നത്തിൽപ്പെട്ടു കിടക്കുന്നത് ദൗർഭാഗ്യകരമാണെന്നും ബോർഡിന്റെ നിക്ഷേപം പാഴായി പോകുന്ന പ്രസ്തുത പ്രശ്നത്തെ സംബന്ധിച്ചും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബോർഡ് സ്വീകരിച്ചു പോന്നിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതെയിരിക്കാനും ഉണ്ടായവ പരിഹരിക്കാനും ബോർഡ് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നും അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 38 & 39)</u>

<u>ഭവനനിർമ്മാണ (ബി) വകുപ്പ്</u>

ഭവന നിർമ്മാണ ബോർഡിൽ വിറ്റഴിയാതെ കിടക്കുന്ന ഭൂമി, ഫ്ലാറ്റുകൾ, ഷോപ്പുകൾ എന്നിവയെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ബോർഡിന്റെ ടെക്നിക്കൽ മെമ്പറുടെ നേതൃത്വത്തിൽ ചീഫ് എഞ്ചിനീയർ, കൺവീനർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, നോഡൽ ഓഫീസർ, ഹെഡ് ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (വർക്സ്), എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ) എന്നിവരും മേഖല എൻജിനീയർമാരും മെമ്പർമാരായി ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ സെൽ രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ സെൽ ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

കുടിവെള്ളം, വൈദ്യുതി, ടോയ്‌ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മൂലമാണ് ഭവനനിർമ്മാണ ബോർഡിന്റെ ഫ്ലാറ്റുകളും ഷോപ്പുകളും വിൽക്കാൻ സാധിക്കാത്തതെന്നും നിലവിൽ അത്തരം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിറ്റഴിയാതെ കിടക്കുന്ന ഭൂമി, ഫ്ലാറ്റുകൾ, ഷോപ്പുകൾ തുടങ്ങിയവ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള ടെക്നിക്കൽ സെൽ രൂപീകരിച്ചതെന്നാണെന്നും അവർ പരിശോധിച്ച വിവരങ്ങളും എന്താണെന്നുള്ളതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

<u>ശിപാർശ 41 (ഖണ്ഡിക 87)</u>

ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ വിലയിരുത്തുമ്പോൾ ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പദ്ധതികളുടെ ഘട്ടങ്ങളെക്കുറിച്ച് പെട്ടെന്ന് മനസ്സിലാക്കാവുന്ന വിധത്തിൽ സോഫ്റ്റ്‌വെയർ സ്ഥാപിക്കണമെന്നും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥന് മുന്നറിയിപ്പ് ലഭിക്കുന്ന വിധത്തിൽ ആയത് സജ്ജീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള Estimate തയ്യാറാക്കുന്നത് PRICE സോഫ്റ്റ്‌വെയർ വഴിയാണെന്നും, ഭവന നിർമ്മാണ ബോർഡിനു മാത്രമായി പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നത് സാമ്പത്തികമായി വളരെയധികം ചെലവ് വരുന്നതും സാങ്കേതികമായി

ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതുമാണെന്നും ബോർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്. PRICE സോഫ്റ്റ് വെയറിന്റെ പുതിയ version-ൽ (PRICE-3) ഇങ്ങനെ ഒരു സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതിനാൽ, ആയത് സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ അനുവദിക്കണമെന്ന് ബോർഡ് സെക്രട്ടറി ആവശ്യപ്പെടുകയും, ഇക്കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിക്കുകയുമുണ്ടായി. ഇതേ തുടർന്ന് വിവിധ വകുപ്പുകളിൽ PRICE -3 Software നടപ്പിലാക്കിയ ശേഷം മാത്രമേ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉൾപ്പെടെയുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് PRICE-3 Software നടപ്പിലാക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന സർക്കാർ തീരുമാനം ഭവന നിർമ്മാണ ബോർഡിനെ അറിയിച്ചിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ പരിശോധിക്കുന്നതിന് സോഫ്റ്റ്‌വെയർ നിർമ്മിക്കണമെന്നാണ് സമിതി ആവശ്യപ്പെട്ടതെന്നും എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ വേണ്ടിയുള്ള പൊതു സോഫ്റ്റ്‌വെയറായ PRICE ഉള്ളതുകൊണ്ട് സമിതി ആവശ്യപ്പെട്ട വിധത്തിലുള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ അറിയുവാൻ കഴിയുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ സാധിക്കില്ലെന്ന മറുപടി തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും ആയത് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

<u>സമിതി പൊതുവായി ആവശ്യപ്പെട്ട അധിക വിവരങ്ങൾ</u>

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം ഭവന നിർമ്മാണ വകുപ്പ് മുഖേനയുള്ള ഗൃഹ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സമിതിയ്ക്ക് ലഭ്യമാക്കുക.

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കുക.

<u>ഭവന നിർമ്മാണ (എ) വകുപ്പ്</u>

തിരുവഞ്ചൂർ നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഹൗസിംഗ് ബോർഡിന്റെ ഒരു ഫ്ലാറ്റ് അപകടാവസ്ഥയിലാണെന്ന വിഷയവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശ

ശിപാർശ 34 (ഖണ്ഡിക 80)

വിവിധ വകുപ്പുകളിലായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ ക്രമപട്ടിക ഓരോ വർഷവും പുതുക്കുവാനും ഇവ സംബന്ധിച്ച വിവരങ്ങൾ ഒരൊറ്റ ഓൺലൈൻ പോർട്ടലിൽ ലഭ്യമാക്കി ഭൂമിയുടെ ലഭ്യതക്കുറവ് മൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്കായി ആവശ്യം രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്ന തരത്തിൽ സുതാര്യമായി വകുപ്പുകളിലെ ഭൂമി കൈമാറ്റത്തിനായി ഒരു സംവിധാനം രൂപപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ഫെബ്രുവരി 15.

അനുബന്ധം I

2017 മുതൽ കേരളത്തിൽ സോണൽ എക്സംപ്ഷൻ നൽകിയിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ

	Govt. Order	File No.	Subject
1.	GO(Rt) No.750/2017/LSGD	RD2/31/2017/LSGD	തിരുവനന്തപുരം നഗരസഭയിൽ ഉള്ളൂർ വില്ലേജിൽ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയിൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായി.
2.	GO(Rt)No.1084/2017 /LSGD	RD2/49/2017/LSGD	Kochi Corporation - Dispensation from the DTP Scheme for Kaloor- for Construction of a Commercial Building.
3.	GO(Rt) No.2815/2017 /LSGD	RD2/97/2017/LSGD	തൃശ്ശൂർ കോർപ്പറേഷനിൽ തൃശ്ശൂർ വില്ലേജിൽ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത DTP Scheme for West Ring Road ന്റെ മേഖലാ നിയന്ത്രണങ്ങളിൽ നിന്നും ഇളവ് അനുവദിച്ച് ഉത്തരവായി.
4.	GO(Rt) No.502/2018/LSGD	RD2/114/2017/LSGD	Dispensation / Modification for the Commercial building construction (Saphalyam Complex) in the sanctioned DTP Scheme for Palayam.
5.	GO(Rt) No.630/2018/LSGD	RD2/31/2018/LSGD	കൊച്ചി നഗരസഭ- Pulickal Medical Foundation Medical Trust ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് DTP Scheme ൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായി.
6.	GO(Ms) No: 15/2020/LSGD	RD2/167/2019/LSGD	കൊച്ചി നഗരസഭയിൽ എളംകുളം വില്ലേജിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ് സമർപ്പിച്ച അപേക്ഷയിന്മേൽ അംഗീകൃത കലൂർ ഏരിയ DTP Scheme-ൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായി.
7.	GO(Ms)No.35/2020/LSGD	RD2/8/2020/LSGD	തൃശ്ശൂർ കോർപ്പറേഷനി സർക്കാർ ഉടമസ്ഥതയിലുള്ള ജില്ലാ ആയുർവേദ ഹോസ്പിറ്റൽ കോംപ്ലക്സിന് വിശദനഗരാസൂത്രണ പദ്ധതിയുടെ മേഖല നിയന്ത്രണ ചട്ടങ്ങളിൽ നിന്നും Dispensation അനുവദിച്ച് ഉത്തരവായി.
8.	GO(Ms)No.447/2020/LSGD	RD2/9/2020/LSGD	തൃശ്ശൂർ കോർപ്പറേഷനിൽ തൃശ്ശൂർ കോർപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് കെട്ടിടത്തിന് വിശദനഗരാസൂത്രണ പദ്ധതിയുടെ മേഖല നിയന്ത്രണ ചട്ടങ്ങളിൽ നിന്നും Dispensation അനുവദിച്ച് ഉത്തരവായി.
9.	GO(Ms)No.46/2020/LSGD	RD2/160/2019/LSGD	തിരുവനന്തപുരം ജില്ല വർക്കല നഗരസഭയിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനായി അംഗീകൃത വർക്കല സെൻട്രൽ ഏരിയ DTP Scheme ന്റെ മേഖല നിയന്ത്രണ ചട്ടങ്ങളിൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായിരുന്നു.
10.	GO(Ms)No.55/2021/LSGD	RD2/14/2021/LSGD	തിരുവനന്തപുരം നഗരസഭയിൽ നേമം വില്ലേജിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ ഉടമസ്ഥതയിൽ സ്റ്റേറ്റ് അക്കാദമി ഓഫ്

			സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന് വേണ്ടി Group B Educational Occupancy യിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണത്തിന് അംഗീകൃത പാപ്പനംകോട് വിശദനഗരാസൂത്രണ പദ്ധതി മേഖല നിയന്ത്രണങ്ങളിൽ നിന്നും Dispensation അനുവദിച്ച് ഉത്തരവായി.
11.	GO(Ms)No.103/2021/LSGD	RD2/22/2021/LSGD	തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ വില്ലേജിൽ വാസഗൃഹ നിർമ്മാണത്തിന് അംഗീകൃത തൃശ്ശൂർ മാസ്റ്റർ പ്ലാനിന്റെ റഗുലേഷനുകളിൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായി.
12.	GO(Ms)No.104/2021/LSGD	RD2/68/2019/LSGD	തിരുവനന്തപുരം നഗരസഭയിൽ തൈക്കാട് വില്ലേജിൽ സിറ്റി പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തമ്പാനൂർ ഏരിയയ്ക്ക് വേണ്ടിയുള്ള അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയുടെ റഗുലേഷനുകളിൽ നിന്ന് Dispensation അനുവദിച്ച് ഉത്തരവായി.
13.	GO(Ms)No.265/2021/LSGD	RD2/120/2020/LSGD	കോഴിക്കോട് നഗരസഭയിൽ ചെറുവന്നൂർ വില്ലേജിൽ വാസഗൃഹനിർമ്മാണത്തിന് DTP Scheme for Cheruvannoor Faroke Industrial Area No.III യുടെ നിയന്ത്രണങ്ങളിൽ നിന്നും Dispensation അനുവദിച്ച് ഉത്തരവായി.

"ഭരണഭാഷ -മാതൃഭാഷ"

അനുബന്ധം II

കേരള സർക്കാർ

നം :ആർഎ 1/128/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർഎ വകുപ്പ്
തിരുവനന്തപുരം.
തീയതി: 09/06/2021

പരിപത്രം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി - മാർഗ്ഗ നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്

സൂചന:- നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ

****

ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നിർമ്മാണാനുമതി നല്കുന്നതിലെ കാലതാമസം കാരണം പദ്ധതി പ്രകാരം നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുക കെട്ടിട നിർമ്മാണത്തിന് ആവശ്യമായി വരുന്നതായും ഇത് വിഭാവിത ഭവന നിർമ്മാണ പദ്ധതിയുടെ പൂർത്തികരണത്തെ ദോഷകരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതിനാൽ ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി അപേക്ഷ ലഭിച്ചതിനുശേഷം അടിയന്തരമായി സാങ്കേതിക പരിശോധന നടത്തുകയും എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ തന്നെ നിർമ്മാണാനുമതി നല്കുകയും ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കുന്നു.

ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
3. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
4. മുഖ്യ നഗരാസൂത്രകൻ(വിജിലൻസ്), തിരുവനന്തപുരം
2. റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് (കൊല്ലം/എറണാകുളം/കോഴിക്കോട്)
6. എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യനഗരാസൂത്രകൻ മുഖേനെ)
7. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ മുഖേനെ)
8. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേനെ)
9. എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
   (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. വിവര പൊതുജന സമ്പർക്ക വകുപ്പ്
   (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11. തദ്ദേശ സ്വയംഭരണ (ആർഎ 2/ആർഎ 3/ആർബി/ആർഡി) വകുപ്പ്
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

HB/M/5388/08-09/Vol.XIII

KERALA STATE HOUSING BOARD									
PROGRESS REPORT AS ON 30.04.2022									
SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION In Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State Share	Central share					
1	2	3		4	5	6	10	11
BUDGETTED SCHEMES 2018-19								
1	Grihasree HS 2216-80-103-99(37)	2600 lakhs			GO (MS) NO:09/2018/ Hsg dated 10.10.18 for Rs.4.33 Crore)			A.S received for 433 Lakhs but, fund not received.
2	Working Womens Hostel Project at Mattannoor, Kannur (60% CSS) 4216-80-201-98	1200 L (project cost) 480 L (State Share)	720 L					The project was included in the proposals for **plan cut/ Re-prioritisation** of Annual Plan schemes for 2018-19.
3	HS for Govt. Employees in Govt. land at Ksgd as Phase V 4216-01-106-94	600 lakhs						The project was included in the proposals for **plan cut/ Re-prioritisation** of Annual Plan schemes for 2018-19.
4	Aswas Rental HS 4216-80-201-97	430 lakhs						Since the land was not made available to KSHB, the project has been formulated for the next financial year, 2019-20.
5	Training plan & Office Automation 2216-80-103-99(38)	40 lakhs			GO(Rt) No 35/2018/Hsg dated 31.7.18 for Rs.40 L.		29	

317/2024.

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION in Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State Share	Central share					
1	2	3		4	5	6	10	11
6	Housing Complexes under LIFE Mission 6216-80-201-93	1260 lakhs		48 units at Pattuvam (Kannur) & 48 units at Mukkom (Kozhikode)				Govt sanction has not been received.
	Non - plan							
7	2216-80-103-99(35) Laksham veedu Bumper Lottery net proceeds transferred to KSHB - Project for utilisation of the amount of Rs 6.16 Cr.			154 beneficiaries (Rs 4.00 L/ house)	GO(MS) No 7/2018/Hsg dated 27.7.18, GO(MS)No.11/2018/Hsg dated 26.10.2018, GO(MS) 12/2018/Hsg dated 30.11.18, GO(Rt)No.23/2020/Hsg dated 21.07.2020	Rs 1.5 Cr sanctioned vide GO(Rt) No 9683/2018/Fin dated 24.11.18 through additional authorisation of Budget 2108-19 and credited to TPA account of KSHB. Rs.1.5 Cr released vide GO(Rt) No 23/2020/Hsg dtd 21.07.2020 Govt has sanctioned for the release of Rs.3.16cr vide GO dated 02-03-2022 numbered GO(Rt)No.13/2022/hsg	194.4	Sanctioned the following Kannur - 26 beneficiaries at Panoor Kasargod- 9, 6 beneficiaries at Pullur Periya, Thrikaripur Pathanamthitta-7 beneficiaries at Kadambanad Malappuram-4,7 beneficiaries at Maranchery, Chokad Thrissur-15, 39, 30, 11 beneficiaries at Edavilanga, puthoor(Marathakara colony), Madakathara, puthoor (Ponnukara) Out of this, Rs.4L each has been relesed to 26 beneficiaries at Panoor (Kannur), 8 beneficiaries at Pullur Perla (Kasragod) and 7 beneficiaries at Kadambanad (Pathanamthitta). 1 beneficiary each at Pullur Perla (Kasragod) and Maranchery (Malapuram) and 10 beneficiaries at Edavilanga (Thrissur were given 2 installment (i.e. Rs. 2.00L each) and 5 beneficiaries at Edavilanga panchayat (Thrissur), 8 beneficiaries at Chokkad and 3 beneficiaries at Maranchery (Malapuram)) were given 1st installment (Rs.40,000/- each).

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION in Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State Share	Central share					
1	2	3		4	5	6	10	11
BUDGETTED SCHEMES 2019-20								
1	Grihasree Housing Scheme 2216-80-103-99(37)	3236		1616			-	The Special Working Group had not approved the proposal, informing that the Govt have decided to implement Housing Scheme for economically weaker section in the State through LIFE MISSION by converging all the existing Housing Schemes and asked to consult with CEO, LIFE MISSION and ACS, LSGD and to revert if necessary.
2	Working Womens Hostel Project (60% CSS) at Madhur, Kasargod District 4216-80-201-98	State - 242L Revised as Rs. 201.84L	Central - 363 Revised as Rs.302.77	109 bedded, 3 storied bldg	GO(Rt) No 41/2019/Hsg dated 27.9.19 for Rs 504 Lakhs.	Govt vide GO(Rt)No.414/2021/SJD dt 13-06-2021 has sanctioned for the release of state share of Rs.121 Lakhs and Central share of Rs.181.50Lakhs.		State share received. The 1st installment of Central Grant received. Structural works of 3 floors completed. Water tank work, Back Side drain, septic tank completed. Rainwater tank, tiling, plastering, plumbing, painting of primer and Electrical work are in progress. Targetted for completing the project by June 2022.

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION In Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State Share	Central share					
1	2	3		4		6	10	11
3	Housing Scheme for Govt Employees in Govt land at Kasargod as Phase V 4216-01-106-94	600		12 flats each at Manjeswaram and Vellarikkund Taluks.	GO(Rt) No 42/2019/Hsg dated 27.9.19 for Rs 600 Lakhs and to meet the excess amount from the next years budget.		-	Manjeswaram - Steps have been taken to get the land. But land not yet received Vellarikkund - (project cost Rs. 310.53 lakhs) EF-30 (2BHK)- FF column work completed. DF-30 (1BHK) FF column work completed. Stair. 3rd flight in both block cmpleted. Work progress 21%
4	Aswas Rental Housing Scheme in the land owned by Govt Medical College, Alappuzha, instead of Thrissur 4216-80-201-97	500		106 bedded, 3 storied bldg	GO(Rt)No.39/2019/Hsg dtd 26.9.2019 for Rs 500 Lakhs and to meet the excess amount from the next years budget.	Ordered for release of Rs 100lakhs vide GO(Rt) No 7/2021/Hsg dtd 11.02.2021	67.25	Out of a total of 63 pile, the construction of 58 pile completed and the concreting of remaining piles is in progress.
5	Training Plan and office automation 2216-80-103-99(38)	200			GO(Rt)No. 26/2019 dt. 01.8.2019	Ordered to release Rs 50 Lakhs vide GO(Rt) No 46/2019/Hsg dated 9.10.19	50	Balance fund is yet to be received from Govt.
6	Rental Housing Scheme using Pre-fab Technology for Plantation Workers	750		48 flats in a 4 storied building.	-		-	The Working Group held on 22/8/2019 deferred the proposal.

Sheet1

SL NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION in Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State share	Central share					
1	2	3		4	5	6	10	11
				BUDGETTED SCHEMES 2020-21				
1	Working Womens Hostel at Gandhi Nagar (Addl Block), Kottayam (60% CSS) 4216-80-201-98	225.2	337.8	64 beds, 2 storied	GO(Rt) No30/2020/Hsg dated 11/09/2020 for Rs. 563Lakhs. Revised GO(Rt) No05/2021/Hsg dated 27/01/2021 for Rs. 563Lakh	Nil	-	Application for availing Central Share is submitted to GoI through SJD vide letter dated 09.02.2021. Building permit along with approved plan has been submitted to SJD vide letter dated 07-09-2021 for forwarding the same along with PSC minutes to GoI. Proposal forwarded to GoI. Tender invited
2	Training Plan for KSHB Staff 2216-80-103-99(38)	250	-		GO(Rt) No39/2020//Hsg dated 12-10-2020 for Rs 227 Lakhs.	Released Rs 25.00 Lakhs vide order no GO(Rt)42/ 2020/Hsg dtd 05-11-2020. Released Rs 50.00 Lakhs vide order no GO(Rt)14/2021/Hsg dtd 16-03-2021. (Total release 75 lakhs)	60.14	The balance amount is being spent.
3	Aswas Rental Housing Scheme near Medical Colleges In the land owned by Govt. Medical College, Thrissur 4216-80-201-97	400	-	75 beds, 2 storied	GO(Rt) No.32/2020/Hsg dated 14/9/2020 for Rs. 400 lakhs	Released Rs. 80.00 lakhs vide order no. GO(Rt)No.56/2020/hsg dated 24.12.2020	79.77	Concreting with M25 concrete for columns above terrace floor. For stair, duct, parapet side 12 nos completed. Plastering work at GF for wall and ceiling is in progress. Block work for walls at GF and FF is in progress. Casting of lintel at GF 25% completed and shuttering for other areas in GF is in progress. Shuttering work at FF level is in progress. Targetted for completing the project by June 2022.

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION In Lakhs		NO.OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED		REMARKS
		State Share	Central share				ACHIEVED	
1	2	3		4	5	6	10	11
4	Housing Complexes for EWS at Pattuvam, Kannur (36 units), at Mukkom, Kozhikode (36units), at Thrikkaippetta, Wayanad (18 units)	1290	-	Pattuvam and Mukkom- 36 unis each. (3 storied blocks, 3 nos) Thrikkaipetta 18 independent houses	GO(Rt) No.4/2021/Hsg dated 16.01.2021 for Rs.1290Lakhs.	Govt has sanctioned for the release of Rs.600L vide GO(Rt)No.62/2021/hsg dated 29-09-2021	145.6	Pattuvam- 1st block- GF roof slab completed, FF column work is in progress. Masony work for GF is in progress. 2nd block- GF roof casted. 3rd block- GF roof will be casted on 04-05-2022 Thrikkalpetta-Slab casted for 11 houses, floor PCC completed for 11 houses. Plastering work completed for 11 houses. Open well work in progress. Retaining wall construction I in progress. Wall work completed for 11 houses and tile work completed for 7 houses. Mukkom - plinth beam completed for type A and B blocks, bore well completed, septic tank construction completed. Earthwork excavation of type A and B (3rd and 4th) block completed. Concreting for 50 footings completed. Short column concreting is in progress
5	Flats/ Quarters for Govt Employees / Higher Officers at KSHB Land at Kozhikkode	400	-	9-2BHK, 3-2BHK+Study (total 12 flats), 3 storied building	GO (Rt) No.52/2020/ Hsg dated 22.12.20 for Rs. 400 lakhs.	Nil	-	Terrace slab shuttering is in progress. Gf brick work completed, FF brick work 75% completed. **Fund request has been submitted to Govt, but fund not yet released.**
6	Grihasree Housing Scheme 2216-80-103-99(37)	2000	-	1000 units	GO(Rt) No 46/2020/Hsg dated 18/12/2020 for Rs. 2000Lakhs.	Released Rs 200 Lakhs vide order no GO(Rt)8/ 2021/Hsg dtd 05-11-2020	200	This is a continuing scheme. State Govt has approved the scheme and issued AS.

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION In Lakhs		NO:OF UNITS TARGETTED FOR COMPLETION	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRESS ACHIEVED	REMARKS
		State Share	Central share					
1	2	3		4	5	6	10	11
					BUDGETTED SCHEMES 2021-22			
1	Housing Complexes for EWS at Kareepra, Kollam	650		36 flats	GO (Rt) No. 26/2022/Hsg dated 26.03.22 for Rs.1440 Lakhs.			AS received
2	Housing Complexes for EWS at Peerumedu, Idukki	650		36 flats				
3	Grihasree Housing Scheme 2216-80-103-99(37)	2000		1000 units	GO (Rt) No. 67/2021/Hsg dated 22.10.21 for Rs.2000 Lakhs.	Govt sanctioned for release of Rs.378 L. Vide GO(Rt) No 71/2021/Hsg	378	AS received.
4	Working Womens Hostel at Ranni, Pathanamthitta (60% CSS) 4216-80-201-98	225	338	three storied building having 81 beds	GO (Rt) No. 28/2021/Hsg dated 26.06.21 GO (Rt) No. 64/2021/Hsg dated 29.09.21 for Rs.563 Lakhs.		-	Application submitted to GoI through WCD for obtaining Central Govt sanction vide letter dated 28-10-2021. State WCD has informed to submit revised proposal as per DSR 2018
5	Working Womens Hostel at Kanhangad, Kasaragod (60% CSS) 4216-80-201-98	Nil		three storied building having 169 beds				An amount of Rs.1800L was requested for the construction of 2 WWHs at Ranni and Kanhanjad, but the budget allocation was only Rs.563L which can be utilised for WWH Ranni only. Additional amount is required for WWH at Kanhangad.

SL. NO	HEAD OF ACCOUNT & NAME OF SCHEME	BUDGET PROVISION In Lakhs		NO:OF UNITS TARGETTED FOR COMPLETION .	ADMINSTRATIVE SANCTION DETAILS	FUND RELEASED	FINANCIAL PROGRES S ACHIEVED	REMARKS
		State Share	Central share					
1	2	3		4	5	8	10	11
6	Aswas Rental Housing Scheme near Medical Colleges in the land owned by Govt. Medical College, Kannur 4216-80-201-97	600		106 beds, 3 storied building	GO (Rt) No. 29/2021/Hsg dated 26.06.21 for Rs.6.00 Crore.		-	Agreement executed on 18-03-2022 with the contractor
7	Training Plan for KSHB Staff 2216-80-103-99(38)	225			GO (Rt) No. 27/2021/Hsg dated 26.06.21 for Rs.2.25 Crore.	Govt has sanctioned for the release of Rs.100L vide GO(Rt)No.52/2021/hsg dated 26-08-2021 (this sanctioned amount includes Rs.43.90 L which was due for year 2020-21 Govt has sanctioned for the release of Rs.125L vide GO(Ms)No.3/2022/hsg dated 24-02-2022	167.9	AS received, work is n progress